KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 32 / Issue: 11 November 2021 ₹ :15/-



# 40–ാം ചരമദിനം

**(30-11-2021)**



# Chinnamma Uthuppan (88)

**Thamarathu - Ranni**

**"നിന്റെ മഹത്വമുദിക്കുംനാൾ**
**നിൽക്കണമിവൾ വലഭാഗത്തിൽ"**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

ക്നാനായ ദീപം
SINCE 1989
2021 നവംബർ പുസ്തകം 32 ലക്കം 11
മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04
സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05
സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ
ഒരുക്കിന്റെ സമയം, ഒരുങ്ങുവാനുള്ള സമയം 08
അമ്മാൾ രാജൻ പുളിമൂട്ടിൽ
സ്നേഹത്തിന്റെ ത്യാഗം 09
അൻസു രാജു മങ്ങച്ചാലിൽ
മൽപാനോടു ചോദിക്കാം 10
അമ്മതൻ അരികെ 10
ബിജു ഇ.പി.
ഓരോ കുഞ്ഞിലും ക്രിസ്തുമസ് കാണാൻ കഴിയട്ടെ 15
സുനിൽ ഡി. കുരുവിള
മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ
മലങ്കരയുടെ മഹാപരിശുദ്ധൻ 19
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ
ജീവിതത്തിൽ മറക്കാനാവാത്ത സാക്ഷ്യം 20
റിനു എബ്രഹാം കുരിച്ചിറ്റയിൽ
പ്രളയവും പരിസ്ഥിതിയും 21
റ്റി.സി. തോമസ് തോപ്പിൽ
ഏവൻഗേലിയോൻ ദീപം 22
റവ. ഫാ. ലിബിൻ എബ്രഹാം കന്നാകുഴിയിൽ
24 കോവിഡ് പ്രതിസന്ധിയും ആത്മീയ ജീവിതവും
ജിൻമോൾ തോമസ് ഇടശ്ശേരിൽ
25 സ്പോക്കൺ ഇംഗ്ലീഷ്
കുര്യൻ ജോസഫ് മുട്ടത്തുകടവിൽ
39 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്
40 വി. കുമ്പസാരം
ജയ്നമ്മ മർക്കോസ്
41 മറിയ
യദു റ്റോണി ഹരിശ്രീ
42 മഹത്വവർണ്ണനകളായി മാറുന്ന ചരമ പ്രസംഗങ്ങൾ
റ്റി.കെ. തോമസ് തൈക്കുറ്റിഞ്ഞിയിൽ
43 കാൽപ്പാടുകൾ
എബി
45 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**ദൈവത്തിന്റെ വഴിവിട്ട്, സ്വന്തം പാതയിലേക്കു തിരിഞ്ഞു നാശത്തിലേക്കു ത്വരിതഗമനം ചെയ്യുന്നവന്റെ ഉത്തരവാദിത്വം ദൈവത്തിനില്ല എന്നു മനസ്സിലാക്കി ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ സമയം ഏതാണ്ടു അടുത്തിരിക്കുന്നു എന്നു തിരിച്ചറിഞ്ഞ് ഭയഭക്തിയോടെ ജീവിക്കാം.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

സംഭവ ബഹുലമായ 2021 ലെ 10 മാസങ്ങൾ നമ്മെ വിട്ടു കടന്നുപോയി. കോവിഡ് 19 ന്റെ അടുത്ത തരംഗവും ആരംഭിച്ചിരിക്കുന്നു. അനേകർ ലോകത്തിൽനിന്നും മാറ്റപ്പെട്ടു. അനേകർ അതിവേദനയാൽ ഭാരപ്പെടുന്നു. അനേക കുടുംബങ്ങൾ ദുഃഖത്തിലും കണ്ണുനീരിലും ആയിരിക്കുന്നു. കോവിഡ് ബാധിതർ നെട്ടോട്ടമോടുന്നു. പകർച്ചവ്യാധികാലത്ത് ഉണ്ടായ തൊഴിൽ തകർച്ച, ഗൃഹകേന്ദ്രീകൃതമായി ത്തീർന്നിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ പരിമിതികൾ, ഓൺലൈൻ വ്യാപാര വ്യാപനത്തോടെ വന്നിരിക്കുന്ന ചെറുകിട വ്യാപാര രംഗത്തെ തകർച്ചകൾ അതിന്റെ ഫലമായുണ്ടാകുന്ന തൊഴിലില്ലായ്മ, സാമ്പത്തികത്തകർച്ച, വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനങ്ങൾ, വധങ്ങൾ, പാലാ ബിഷപ്പ് വന്ദ്യ ജോസഫ് കല്ലറങ്ങാട്ടിൽ നടത്തിയ നാർകോട്ടിക് ജിഹാദ് പരാമർശവും, അതിനെ വീണു കിട്ടിയ അവസരംപോലെ ഉപയോഗിച്ച് കേരളീയ സമൂഹത്തെ ശിഥിലീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ, ഇവയൊക്കെ സർവ്വമത വിശ്വാസികളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ ആണ്. ജീവകാരുണ്യ പ്രവർത്തനത്തിന്റെ പേര് പറയുന്നവർ ജീവനെടുക്കുന്ന വിദ്വേഷ പ്രവർത്തനത്തിലേക്ക് തിരിയുന്നതാണ് ഇന്ന് നേരിടുന്ന ദുരവസ്ഥ. ഇതിന്റെ എല്ലാം പുറകിൽ സാത്താന്റെ പ്രവർത്തനമാണ്. സാമ്പത്തിക ദുരിതങ്ങളെ മായാവാദംകൊണ്ടും, കപട ഭക്തികൊണ്ടും മറച്ചു പിടിക്കാനാവില്ല. പിന്നെയോ വിശ്വാസം, പ്രത്യാശ, പ്രാർത്ഥന ഇവകൊണ്ട് മാത്രമേ ഈ വ്യാധി നീങ്ങിപ്പോകുകയുള്ളു. നാം ജാഗ്രതയോടെ തന്നെ ഇതിനെ പ്രതിരോധിക്കണം.

രാജ്യത്ത് ക്രൈസ്തവർക്കെതിരെ വ്യാപക ആക്രമങ്ങൾ നടക്കുന്ന വസ്തുതാപഠന റിപ്പോർട്ട് 2021 ഒക്ടോബർ 22-ലെ പത്രങ്ങളിൽ നാം കണ്ടുവല്ലോ. കഴിഞ്ഞ 273 ദിവസത്തിനുള്ളിൽ 305 അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും ക്രൈസ്തവ വിഭാഗങ്ങൾക്ക് ആരാധന നടത്താൻ പോലും കഴിയാത്ത സാഹചര്യമാണ് പല സംസ്ഥാനങ്ങളിലുള്ളതെന്നും (United Christian form) യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം നടത്തുന്ന പഠനത്തിൽ വ്യക്തമാക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സ്ത്രീകളേയും കുട്ടികളേയുമടക്കം അറസ്റ്റു ചെയ്യുന്ന സാഹചര്യമാണ്. 28 സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. കന്യാസ്ത്രീകൾക്കു നേരെയുണ്ടാകുന്ന കൈയ്യേറ്റം ഭയപ്പെടുത്തുന്നതാണ്. അക്രമികൾ അഴിഞ്ഞാടുന്നു, പോലീസ് ഇതിനു കൂട്ടു നിൽക്കുന്നു ഈ വക സംഭവങ്ങൾ കർണ്ണാടകവരെ വ്യാപിച്ചിരിക്കുന്നു. ഇതെല്ലാം നടക്കുമ്പോഴും സത്യവിശ്വാസികൾ എന്ന് അഭിമാനിക്കുന്ന നമ്മൾ ഉൾപ്പെടുന്ന മലങ്കര സഭയുടെ മക്കൾ പരസ്പരം ചെളി വാരിയെറിഞ്ഞ് ആക്ഷേപിക്കുകയും പള്ളിപിടുത്തങ്ങൾ നിമിത്തം വിശ്വാസികളെ തെരുവിൽ ഇറക്കുകയും ചെയ്യുന്നു. ഈ ഹീനമായ പ്രവർത്തിയിൽനിന്നും പിൻതിരിഞ്ഞ് രക്ഷകനായ ദൈവത്തെ കാണിച്ചുകൊടുക്കാം. ദൈവത്തിന്റെ വഴിവിട്ട്, സ്വന്തം പാതയിലേക്കു തിരിഞ്ഞു നാശത്തിലേക്കു ത്വരിതഗമനം ചെയ്യുന്നവന്റെ ഉത്തരവാദിത്വം ദൈവത്തിനില്ല എന്നു മനസ്സിലാക്കി ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ സമയം ഏതാണ്ടടുത്തിരിക്കുന്നു എന്നു തിരിച്ചറിഞ്ഞ് ഭയഭക്തിയോടെ ജീവിക്കാം. ദൈവത്തിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ദൈവവചന വിശുദ്ധിയിൽ ജീവിക്കുകയും ചെയ്ത എല്ലാവരും ദൈവത്താൽ അനുഗ്രഹീതരായിട്ടുണ്ട്. ദൈവത്തെ പിശാചും നന്നായറിയുകയും സർവ്വശക്തനായി അംഗീകരിക്കുകയും ചെയ്യുന്നു. പക്ഷേ ദൈവീക പദ്ധതികൾക്ക് വിരുദ്ധവും മനുഷ്യർക്ക് ദോഷകരവുമായ പ്രവർത്തിയാണ് സാത്താൻ ചെയ്തുകൊണ്ടിരിക്കുന്നത്. മത ജീവിതംകൊണ്ട് ദൈവത്തെ അറിയണമെന്നില്ല. മതവിശ്വാസത്തിന് ജീവിത വിശുദ്ധി വേണമെന്നില്ല. മതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ പാലിച്ച് മതത്തിനുവേണ്ടി നില കൊണ്ടാൽ മതി. മനുഷ്യന്റെ കഷ്ടപ്പാടുകൾക്കും, അധഃപതനങ്ങൾക്കും, ദുരവസ്ഥക്കും കാരണം വിധിയാണെന്ന് പറഞ്ഞ് മതം പഠിപ്പിക്കുന്നു. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസം ഏതനുഭവത്തിലും പ്രത്യാശ നൽകുന്നതാണ്.

പ്രകൃതിക്ഷോഭങ്ങൾ എല്ലാവർഷവും നമ്മെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു. ആകാശങ്ങളുടെ ഉയരങ്ങളെ കീഴടക്കാൻ ശാസ്ത്രത്തിന്റെ ചിറകു വിടർത്തി കുതിക്കുന്ന മനുഷ്യൻ ഈ ഭൂപ്പരപ്പിൽ എത്ര നിസ്സാരനാണ്. നക്ഷത്രങ്ങളുടെ ഇടയിൽ കൂടു കെട്ടാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ പ്രകൃതിശക്തികളുടെ മുമ്പിൽ എത്ര നിസ്സഹായനാണ്. കൃമികീടങ്ങൾ ചത്തടിയുന്നതുപോലെ അല്ലേ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന മനുഷ്യൻ പ്രകൃതി ക്ഷോഭങ്ങളുടെ ചീറ്റലിൽ ചത്തടിയുന്നത്. കഴിഞ്ഞ ആഴ്ചയിൽപോലും കേരളത്തിൽ പ്രകൃതിക്ഷോഭം നിമിത്തം എത്ര ജീവനുകൾ മൺമറഞ്ഞു.

ഈ ഭൂമിയും പ്രകൃതി ശക്തികളും മനുഷ്യനോട് പ്രതികാരം തീർക്കുകയാണോ? ദൈവവചനം പറയുന്നത്, യെശയ്യാവ് 24:16-20 ദ്രോഹികൾ ദ്രോഹം ചെയ്തിരിക്കുന്നു. ഭൂവാസിയെ, പേടിയും കുഴിയും കണിയും നിനക്കു നേരിട്ടിരിക്കുന്നു. പേടി കേട്ടു ഓടി പോകുന്നവൻ കുഴിയിൽ വീഴും, കുഴിയിൽ നിന്ന് കയറുന്നവൻ കെണിയിൽ അകപ്പെടും. ഉയരത്തിലെ കിളിവാതിലുകൾ തുറന്നിരിക്കുന്നു. ഭൂമിയുടെ അടി

*(ശേഷം പേജ് 9-ൽ)*



## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കർത്താവിൽ അനുഗ്രഹീതരെ,

അമേരിക്കയിൽ ആഭ്യന്തരയുദ്ധം നടന്നുകൊണ്ടിരുന്ന സമയം യുദ്ധസാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി അന്ന് പ്രസിഡന്റ് ആയിരുന്ന ഏബ്രഹാം ലിങ്കന്റെ നേതൃത്വത്തിൽ പട്ടാള മേധാവികളുടെ ഒരു യോഗം നടക്കുന്നു. ഏബ്രഹാം ലിങ്കൺ അമേരിക്കൻ സേനയുടെ വിജയസാദ്ധ്യതയെക്കുറിച്ച് പട്ടാളത്തലവനോട് ആരാഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരം ആയിരുന്നു 'സാർ, നമ്മൾ തീർച്ചയായും വിജയിക്കും. കാരണം ദൈവം നമ്മുടെ കൂടെയാണ്'. ചെറുപുഞ്ചിരിയോടെ ലിങ്കന്റെ മറുചോദ്യം ഇപ്രകാരമായിരുന്നു. "ദൈവം നമ്മുടെ കൂടെയുണ്ടെന്നുള്ളതു സത്യം തന്നെ, എന്നാൽ നമ്മൾ ദൈവത്തിന്റെ കൂടെയാണോ." വളരെ മനോഹരമായ ഈ ചോദ്യത്തിന് ഇന്നും വളരെയധികം പ്രസക്തിയുണ്ട്.

ദൈവം എപ്പോഴും മനുഷ്യരോടൊപ്പം സഹവസിക്കുവാൻ ആഗ്രഹിക്കുന്നു. ഏശായ പ്രവാചകനിലൂടെ സ്വർഗ്ഗം ഇപ്രകാരം വെളിപ്പെടുത്തി "നീ ഭയപ്പെടേണ്ട. ഞാൻ നിന്നോടു കൂടെ ഉണ്ട്. പരിഭ്രമിക്കേണ്ട. ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നോടു പറഞ്ഞു. നീ എന്റെ ദാസൻ. ഞാൻ നിന്നെ തിരഞ്ഞെടുത്തു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈകൊണ്ട് ഞാൻ നിന്നെ താങ്ങും" (എശയ്യാ 41:10). ഉല്പത്തി പുസ്തകത്തിൽ നമ്മൾ വായിക്കുന്നു ആദി മാതാപിതാക്കൾക്കൊപ്പം നടക്കാനിറങ്ങുന്ന അവരോടൊപ്പം സ്നേഹം പങ്കുവയ്ക്കുന്ന ദൈവത്തെക്കുറിച്ച്, അത്രമാത്രം മനുഷ്യർക്കൊപ്പം ജീവിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തെയാണ് വിശുദ്ധ ലിഖിതം മുഴുവൻ നമുക്ക് പരിചയപ്പെടുത്തുന്നത്. മനുഷ്യർ പാപം മൂലം ദൈവ സംസർഗ്ഗത്തിൽ നിന്നു അകന്നുപോയപ്പോഴും മാനവരോടുള്ള അത്യഗാധമായ സ്നേഹത്താൽ നിറഞ്ഞ ദൈവം തന്റെ ഏകജാതനെ തന്നെ മനുഷ്യരക്ഷയ്ക്കായി നൽകി. ഓരോ വ്യക്തിയോടും ദൈവം ഇപ്രകാരം പറയുന്നു "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് ദയ കാണിക്കാതിരിക്കുമോ? അവർ മറന്നു കളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയ്യിൽ വരച്ചിരിക്കുന്നു" (എശയ്യാ 49:15,16).

യേശുനാഥന്റെ പേര് തന്നെ 'ഇമ്മാനുവേൽ' എന്നാണല്ലോ. ഈ പേരിന്റെ അർത്ഥം തന്നെ 'ദൈവം നമ്മോട് കൂടെ' എന്നല്ലോ. ഇസ്രായേൽ ജനതയെ എങ്ങനെ നയിക്കും എന്നോർത്ത് ഭയചകിതനായിരുന്ന യോശുവായെ ധൈര്യപ്പെടുത്തി ദൈവം ഇപ്രകാരം അരുൾ ചെയ്തു. "ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല" (യോശുവ 1:5).

ദൈവം എപ്പോഴും നമ്മുടെ കൂടെയുണ്ടെന്നുള്ള യാഥാർത്ഥ്യം തിരുവചനം നമുക്ക് ധാരാളം അനുഭവങ്ങളിലൂടെ വെളിപ്പെടുത്തി നൽകുന്നു. ഇസ്രായേൽ ജനതയുടെ ചരിത്രത്തിലൂടെയും, ആദിമ ക്രൈസ്തവ സഭയുടെ സാക്ഷ്യത്തിലൂടെയും ദൈവം എപ്പോഴും മനുഷ്യരുടെ കൂടെ സന്നിഹിതനാണെന്നു വ്യക്തമാക്കപ്പെടുന്നു.

ദൈവം എപ്പോഴും നമ്മോടൊപ്പം സന്നിഹിതനാണെന്നു മനസ്സിലാക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന നമ്മൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ നമ്മൾ ദൈവത്തിന്റെ കൂടെയാണോ എന്ന്?

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവവുമായുള്ള സൗഹൃദത്തിൽ (സഖിത്വത്തിൽ) ജീവിച്ചിട്ടുള്ള, ദൈവത്തിന്റെ സ്നേഹത്തിൽ കഴിഞ്ഞിട്ടുള്ള അനേകരുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പാപം മൂലം ഏദൻ തോട്ടത്തിൽ നിന്നു (ദൈവവുമായുള്ള കൂട്ടായ്മ ബന്ധം നഷ്ടപ്പെടുത്തുന്നതു വരെ) ആദിമാതാപിതാക്കൾ പുറത്താക്കപ്പെടുന്നതുവരെ നിത്യപിതാവാം ദൈവവുമായുള്ള സഖിത്വത്തിൽ അവർ ഏറെ നാൾ കഴിഞ്ഞു. അബ്രഹാം പിതാവ് തന്റെ ജീവിതാവസാനം വരെ ദൈവവുമായുള്ള സൗഹൃദത്തിൽ കഴിഞ്ഞ് ദൈവത്തിന്റെ സ്നേഹിതൻ എന്ന പേര് സമ്പാദിച്ചു. വിശുദ്ധ ലിഖിതത്തിൽ പുണ്യപിതാവ് ഹാനോക്കിനെക്കുറിച്ചു പറയുന്നത് അദ്ദേഹം ദൈവത്തോടുകൂടെ നടന്നു ദൈവത്തെ പ്രസാദിപ്പിച്ചു എന്നാണ്. ദൈവവുമായി ആഴമേറിയ വ്യക്തിബന്ധത്തിലായിരുന്ന എല്ലാ വിശുദ്ധരും അവർക്ക് സഹനങ്ങളും കഷ്ടതകളും ഉണ്ടായപ്പോഴും ദൈവത്തെ തള്ളിപ്പറയുകയോ, ഉപേക്ഷിക്കുകയോ ചെയ്തില്ല. കഠിനമായ പരീക്ഷണങ്ങളിലൂടെ ദൈവത്തിന് പ്രിയങ്കരനായ ഇയ്യോബ് കടന്നുപോയപ്പോഴും ദൈവത്തിന് എതിരെ മോശമായി ഒരു പരാമർശംപോലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നു മാത്രമല്ല തന്റെ ഭാര്യ ദൈവത്തിന് എതിരായി സംസാരിച്ചപ്പോൾ ഇയ്യോബ് അവളെ ശാസിക്കുന്നതായി നമ്മൾ വി. ഗ്രന്ഥത്തിൽ കാണുന്നു.

ദൈവവുമായി ആഴമേറിയ സൗഹൃദം സ്ഥാപിച്ച പൂർവ്വ പിതാക്കന്മാർ എല്ലാം നമുക്ക് മഹത്തായ മാതൃകകളാണ്. അവരെപ്പോലെ നമുക്ക് ദൈവവുമായി ആഴമേറിയ വ്യക്തി

*(ശേഷം പേജ് 8-ൽ)*

**ദൈവം എപ്പോഴും നമ്മോടൊപ്പം സന്നിഹിതനാണെന്നു മനസ്സിലാക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന നമ്മൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ നമ്മൾ ദൈവത്തിന്റെ കൂടെയാണോ എന്ന്?**



 റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

വളരെയേറെ കൃതാർത്ഥതയോടെ ആണ് ഈ ലക്കം സമുദായ വാർത്തകൾ ക്നാനായ ദീപത്തിൽ എഴുതുന്നത്. ക്നാനായ അസ്സോസിയേഷനും, സമുദായ മാനേജിംഗ് കമ്മിറ്റിയും നിലവിൽ വന്നിട്ട് മൂന്നു വർഷം തികഞ്ഞു. ഈ മൂന്നു വർഷത്തിൽ നല്ലൊരു പങ്ക്, ഏകദേശം ഒന്നര വർഷത്തിലധികം കോവിഡ് 19, ലോകം മുഴുവൻ വ്യാപിച്ചു ലോകരാഷ്ട്രങ്ങൾക്കുപോലും സാമ്പത്തികമായും അല്ലാതെയും വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയാതെ വന്നു എന്നതിലുപരി സാമ്പത്തിക സ്തംഭനവും മാന്ദ്യവും സർവ്വസാധാരണമായി ആഗോളതലത്തിൽ ബാധിച്ചു. നമ്മുടെ സമുദായത്തിൽ ദൈവാലയങ്ങൾ അടഞ്ഞു കിടന്നു, വിശ്വാസികൾക്ക് ആരാധനയ്ക്ക് പള്ളികളിൽ പോകുവാൻ സാധിക്കാതെ, സമുദായത്തിന്റെ വിഹിതം പള്ളികൾക്ക് അടയ്ക്കുവാൻ കഴിയാതെ വന്നു. പള്ളികളുടെ വൈദിക ശമ്പളവിഹിതംപോലും അടയ്ക്കുവാൻ നിവർത്തിയില്ലാതെയായി ഏതാണ്ട് 40 ലക്ഷത്തിനടുത്ത് ശമ്പള വിഹിതം ദൈവാലയങ്ങളിൽനിന്നും പിരിഞ്ഞു കിട്ടുവാൻ ഉണ്ട്. ഈ പ്രതിസന്ധികൾ ഉണ്ടായിട്ടും വൈദികശമ്പളം ഒരു രൂപാപോലും കുറവ് വരാതെ കൃത്യസമയത്ത് കൊടുക്കുവാൻ ദൈവം ഞങ്ങളോട് കരുണ കാണിച്ചു, അതിനു ദൈവത്തെ സ്തുതിക്കുന്നു.

അതുപോലെ സമുദായ വികസനത്തിന്റെ കാര്യത്തിൽ, വടപുറം ക്ലീമീസ് സ്കൂൾ ബിൽഡിംഗ് നിർമ്മിക്കുവാൻ സാധിച്ചു. കൊടുങ്ങല്ലൂർ പൈതൃകസ്മാരകം പൂർത്തിയാക്കി കൂദാശ ചെയ്തു. കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിന് റൂഫിംഗ് ചെയ്ത് മനോഹരമാക്കി, വൈദികർ ഉൾപ്പെടെ അവിടെ എത്തുന്നവർക്ക് വിശുദ്ധ ബലി അർപ്പിക്കുന്നതിന് ഇനിയും യാതൊരു തടസ്സവുമില്ല. ബലിയർപ്പിക്കാൻ ഉള്ള എല്ലാ സൗകര്യങ്ങളും അവിടെ ഒരുക്കുവാൻ സാധിച്ചു, കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനം സംബന്ധിച്ച് തിരുവനന്തപുരത്ത് പരിസ്ഥിതി ഡയറക്ടർ Sri. Suneel Pamidi I.F.S. ആയി ചർച്ച നടത്തി.

തോട്ടയ്ക്കാട് പുതിയ കോളേജിന് വേണ്ടി പത്തേക്കർ സ്ഥലം വാങ്ങി, അവിടെ കോളേജ് നിർമ്മാണം ഉടൻ ആരംഭിക്കുകയാണ്. അതിന്റെ ഡിസൈനും പ്ലാനും വരച്ചു കഴിഞ്ഞു.

ആതുര സേവനരംഗത്ത് ചിങ്ങവനത്ത് ഒരു പാലിയേറ്റീവ് കെയർ പ്രവർത്തനമാരംഭിച്ചു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഭക്ഷ്യകിറ്റുകളും, പണവും വിതരണം ചെയ്തു.

കോവിഡ് കാലത്ത് ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. സമുദായ ആസ്ഥാനമായ ചിങ്ങവനത്ത് നാനാജാതി മതസ്ഥർക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ക്നാനായ സമുദായം പങ്കാളിയായി.

ഇതിനിടയിൽ ധാരാളം കേസുകൾ സമുദായത്തിന് എതിരായി കോടതിയിൽ വന്നുകൊണ്ടിരിക്കുന്നു. അത് കൃത്യമായി നടത്തിയില്ലെങ്കിൽ സമുദായ ഭരണഘടന ദുർബലമായി നമ്മുടെ നിലനിൽപ്പിനെത്തന്നെ അത് ബാധിക്കും. സഹോദര സഭയായ യാക്കോബായ സഭയ്ക്കുണ്ടായ അനുഭവം നമുക്കുണ്ടാകും. സമുദായ മെത്രാപ്പോലീത്തായേയും സമുദായ നേതൃത്വത്തെയും പ്രതിയാക്കി കോടതിയിൽ കേസ് കൊടുക്കുന്ന നമ്മുടെ സഹോദരങ്ങൾ സമുദായത്തിനെയും അതിന്റെ ഭരണഘടനയെയും ദുർബലപ്പെടുത്തുന്നതിൽകൂടി സമുദായത്തിന്റെ അസ്ഥിത്വത്തെ തന്നെ ചോദ്യം ചെയ്യുന്ന കേസുകൾ കൊടുക്കുന്നതിൽനിന്നും പിൻമാറണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ മാസം 24-ാം തീയതി സമുദായ ആസ്ഥാന മന്ദിരം ആയ മോർ അപ്രേം സെമിനാരി നവീകരിച്ച് കൂദാശയും പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനവും നടത്തുവാൻ നമുക്ക് സാധിച്ചു.

മോർ അപ്രേം സെമിനാരിയുടെ ചരിത്രത്തിലേക്ക് നമുക്ക് ഒന്നു തിരിഞ്ഞു നോക്കാം.

1910 മെയ് എട്ടാം തീയതിയിലെ ക്നാനായ കമ്മിറ്റിയുടെയും സമുദായത്തിന്റെ ഐക്യകണ്ഠേനയുള്ള തെരഞ്ഞെടുപ്പും അനുസരിച്ച് വന്ദ്യ ഇടവഴിക്കൽ ഗീവർഗീസ് കശീശ്ശാ അവറുകളെ 1910-ൽ ക്നാനായ സമുദായത്തിന് മാത്രമായി ഭദ്രാസന മെത്രാപ്പോലീത്ത ആയി ഗിവർഗീസ് മോർ സേവേറിയോസ് (പ്രഥമ മെത്രാപ്പോലീത്ത) മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. മെത്രാപ്പോലീത്ത ഉണ്ടായ കാലം മുതൽ ഒരു ആസ്ഥാനം ഉണ്ടാകണമെന്ന താല്പര്യം ക്നാനായ അസ്സോസിയേഷനിൽ പ്രബലപ്പെട്ടു വരികയും ഇതിലേക്ക് ആയി ഒറ്റത്തൈയ്ക്കൽ തോമ്മാ കത്തനാരെ പ്രധാന ഭാരവാഹിയായും, കെട്ടിടംപണി സംബന്ധിച്ചുള്ള ആലോചനയ്ക്കായി ഒറ്റത്തൈയ്ക്കലച്ചനോടുകൂടി ഒരു കമ്മിറ്റിയായി മാലിത്തറ അച്ചൻ, മണിമലയച്ചൻ, കരോട്ട് അച്ചൻ, വാഴയിൽ കുഞ്ഞ് എന്നിവരെ നിയമിച്ചു. മെത്രാപ്പോലീത്തായുടെ ആസ്ഥാനം ചിങ്ങവനത്ത് ആയിരിക്കേണ്ടതാണ് എന്നുള്ള ഒരു നിശ്ചയം റാന്നി പള്ളിയിൽ വച്ച് കൂടിയ അസ്സോസിയേഷൻ യോഗം പാസ്സാക്കിയിരുന്നു. അതനുസരിച്ചുള്ള പരിശ്രമങ്ങൾ തുടർച്ചയായി നടന്നിരുന്നു. അങ്ങനെ ഭദ്രാസന ആസ്ഥാനമായ സെമിനാരി കെട്ടിടത്തിന്റെ കൂദാ

ശകർമ്മം 1922 നവംബർ മൂന്നാം തീയതി ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനി (പ്രഥമ മെത്രാപ്പോലീത്താ) നിർവ്വഹിക്കുകയും ചെയ്തു.

സെമിനാരിയുടെ ആവശ്യത്തിലേക്ക് ഉള്ള ഫർണിച്ചറും മറ്റുപകരണങ്ങളും കൂദാശകർമ്മത്തിൽ എത്തിയ സമുദായ അംഗങ്ങൾ സംഭാവനയായി നൽകുകയുണ്ടായി. 1926 ഏപ്രിൽ 20–ന് കൂടിയ അസ്സോസിയേഷൻ തീരുമാനപ്രകാരം സെമിനാരി കെട്ടിടം ഇരിക്കുന്ന സ്ഥലത്തിന്റെ രണ്ട് ആധാരങ്ങൾ ഒറ്റത്തൈയ്ക്കൽ അച്ചൻ മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് എഴുതിയ കൈമാറ്റ ആധാരം, പറ്റു ചീട്ടുകൾ മുതലായവയും, സമുദായ കെട്ടിടം, സ്ഥലം മുതലായവയും മെത്രാപ്പോലീത്തായുടെയും ട്രസ്റ്റിമാരുടെയും ചുമതലയിൽ ഇരിക്കേണ്ടതാണ് എന്ന് തീരുമാനിച്ചു.

ഇടവഴിക്കൽ സേവേറിയോസ് മെത്രാപ്പോലീത്ത ക്നാനായ സമുദായ മെത്രാപ്പോലീത്ത ആയി സ്ഥാനാഭിഷേകം ചെയ്യപ്പെട്ട് അഞ്ചുവർഷം ആയപ്പോൾ മുതൽ അദ്ദേഹത്തിനു ഒരു സഹായ മെത്രാനെ വാഴിക്കേണ്ടത് ആവശ്യമാണെന്ന അഭിപ്രായം 1915 ജനുവരി 11 ന് കൂടിയ ക്നാനായ അസ്സോസിയേഷൻ യോഗത്തിലും പിന്നീട് നടന്ന പല യോഗങ്ങളിലും ഉയർന്നു വരികയും ഈ വിഷയം ചർച്ച ചെയ്യുന്നത് പിന്നീട് ഒരവസരത്തിലേക്ക് നീട്ടി വയ്ക്കുകയുണ്ടായി. എന്നാൽ 1926 ഏപ്രിൽ 20–ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷനിൽ പി.പി. കുര്യൻ പുത്തൻകളം ഒരു പ്രമേയത്തിലൂടെ സഹായമെത്രാൻ വേണമെന്ന പ്രമേയം അവതരിപ്പിക്കുകയും തുടർന്ന് ഒറ്റത്തൈയ്ക്കൽ അച്ചനെ മെത്രാനായി വാഴിച്ച് തരണമെന്ന് പരിശുദ്ധ പാത്രിയർക്കീസ് ബാവായോട് അസ്സോസിയേഷൻ അപേക്ഷിക്കുകയും ചെയ്തു.

ഒറ്റത്തൈയ്ക്കൽ അച്ചൻ ശീമയിൽനിന്നും മോർ ദിയസ്കോറോസ് എന്ന പേരിൽ മെത്രാൻ പട്ടം ഏറ്റു. മലങ്കരയിൽ തിരിച്ചെത്തിയപ്പോൾ ആദ്യം നടന്ന അസ്സോസിയേഷൻ യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത മോർ സേവേറിയേസ് തിരുമേനി സന്നിഹിതനായിരുന്നു. പ്രസ്തുത യോഗത്തിൽ മോർ തോമ്മാ ദിയസ്കോറോസ് തിരുമേനിയെ തന്റെ സഹായ മെത്രാനായും പിൻഗാമിയായും സ്വീകരിച്ചു.

എ.ഡി. 345–ൽ ഉറഹായുടെ എഡേസ്സായിൽ നിന്നും പുറപ്പെട്ടു മലങ്കരയിൽ കുടിയേറിയ കാലത്ത് അന്ത്യോഖ്യ സിംഹാസനത്തിൽ വാണിരുന്ന ഒസ്താത്യോസ് പാത്രിയർക്കീസ് ബാവായുടെ നളാഗമത്തിൽ കാണുന്ന പ്രകാരം യഹൂദ മതത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചു 10–ാം ശതാബ്ദം വരെ ശീമയിലും പ്രത്യേക സ്ഥിതി ചെയ്തിരുന്ന ക്നാനായക്കാരിൽ നിന്നുമുള്ള പരിശുദ്ധനായ മോർ അഫ്രേമിന്റെ നാമധേയസ്മാരകമായി ചിങ്ങവനം സെമിനാരിക്ക് മോർ അപ്രേം സെമിനാരി എന്ന് പേരു വിളിക്കണമെന്ന് പരി. പാത്രിക്കീസ്ബാവാ തന്നോട് കല്പിച്ച് അറിയിച്ചിട്ടുണ്ട് എന്നും ആയതിനാൽ അപ്രകാരം പേർ വിളിക്കണമെന്നും മോർ ദിയസ്കോറോസ് തിരുമേനി ക്നാനായ അസ്സോസിയേഷനോട് അഭ്യർത്ഥിക്കുകയും തദനുസരണം പ്രസ്തുത പേർ അംഗീകരിച്ചിരിക്കുന്നതായി മോർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രഖ്യാപിക്കുകയും, ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ആയി ഏകദേശം 17 വർഷങ്ങൾ സമുദായത്തിന് വിശിഷ്ട സേവനങ്ങൾ ചെയ്ത് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ നിര്യാണശേഷം മോർ ദീയസ്കോറോസ് മെത്രാപ്പോലീത്ത ഭദ്രാസനാധിപൻ എന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തു.

1911 മുതൽ 1931 വരെയുള്ള കാലയളവിൽ അസ്സോസിയേഷൻ സെക്രട്ടറിയായി ഈ.എം. ഫിലിപ്പോസ് ഇടവഴിക്കൽ, ഇ.പി. മാത്യു ഇടവഴിക്കൽ, പി.പി. കുര്യൻ പുത്തൻകളം, വി.ഒ. മർക്കോസ് വാതക്കാട്ട്, പി.സി. ആൻഡ്രൂസ് പുതിയാമഠം എന്നിവർ സ്തുത്യർഹമായ സേവനം അനുഷ്ടിച്ചിരുന്നുവെന്ന് ഉള്ളത് പ്രത്യേകം പ്രസ്താവയോഗ്യമത്രേ.

1922–നു ശേഷം പല പ്രാവശ്യം അപ്രേം സെമിനാരി വിപുലീകരിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ചരിത്രമുറങ്ങുന്ന മോർ അപ്രേം സെമിനാരി വർഷങ്ങളായി യാതൊരു പരിപാലനവും നടത്താതെ ചോർന്നൊലിച്ച് വാസയോഗ്യമല്ലായിരുന്ന സമുദായ ആസ്ഥാനമായ മോർ അപ്രം സെമിനാരി നവീകരിച്ചു. പഴമയുടെ പ്രൗഢി നിലനിർത്തി തന്നെ ആധുനികരിച്ചു നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ഇപ്പോൾ ഏത് ക്നാനായക്കാരനും ലജ്ജ കൂടാതെ അഭിമാനകരമായി തല ഉയർത്തിപ്പിടിച്ച് ഇത് ഓരോ ക്നാനായക്കാരന്റെയും ഹൃദയത്തുടിപ്പ് ആയ ക്നാനായ സമുദായ ആസ്ഥാനം ആണെന്ന് അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ട് കയറി വരാം.

നവീകരിച്ച മോർ അപ്രേം സെമിനാരിയുടെ കൂദാശ ക്നാനായ സമുദായ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു.

ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം കേരള കൾച്ചറൽ & ഹാർബർ എൻജിനീയറിംഗ് വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ നിർവ്വഹിച്ചു. ക്രൈസ്തവ പാരമ്പര്യവും പൈതൃകവും നിലനിർത്തുന്നതിൽ ക്നാനായ സമുദായത്തിന്റെ പങ്കു വലുതാണെന്ന് മന്ത്രി പ്രസംഗത്തിൽ പ്രതിപാദിച്ചു.

ക്നാനായ സമുദായ ചരിത്രം പഠിക്കുമ്പോൾ നമുക്ക് ഒന്ന് മനസ്സിലാകും സമുദായത്തിലെ പ്രഥമ മെത്രാപ്പോലീത്ത മുതൽ ഇന്നുവരെയുള്ള എല്ലാ മെത്രാപ്പോലീത്തമാരെയും സമുദായ നേതൃത്വത്തെയും തെരെഞ്ഞെടുത്തത് ക്നാനായ ഭരണഘടനപ്രകാരം ക്നാനായ അസ്സോസിയേഷനാണ്. അവരെല്ലാവരും ഭരണഘടനപ്രകാരം ക്നാനായ അസ്സോസിയേഷന്റെ തീരുമാനങ്ങളെയും അംഗീകരിച്ചു കൊണ്ടിരുന്നത് സമുദായത്തിന് ഒരു പോറൽ പോലുമേൽക്കാതെ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ചു തലമുറകൾ കൈമാറി ഈ തലമുറയിൽ എത്തിയത്. ഭരണഘടനയെയും അസ്സോസിയേഷൻ തീരുമാനങ്ങളെയും ദുർബലമാക്കാൻ ആരേയും അനുവദിച്ചുകൂടാ. അത് നിലനിർത്തി അടുത്ത തലമുറയ്ക്ക് കൈമാറുവാൻ ഓരോ സമുദായ അംഗത്തിനും ബാധ്യത ഉണ്ട് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
ക്നാനായ കമ്മിറ്റിക്കുവേണ്ടി,
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# ഒരുക്കിന്റെ സമയം, ഒരുങ്ങുവാനുള്ള സമയം

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

ഈ കോവിഡുകാലം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത് ഒത്തിരി കഷ്ടങ്ങളും, നഷ്ടങ്ങളും, വേദനകളും അതോടൊപ്പം ധാരാളം തിരിച്ചറിവുകളും തന്നാണ്. നമ്മിൽ വെളിപ്പെടാനിരിക്കുന്ന തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു (റോമ.8:18). ഒരു ചെറിയ വൈറസ് വലുതായി വലിയവനെന്നോ ചെറിയവനെന്നോ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ ശാസ്ത്രജ്ഞനെന്നോ ഡോക്ടറെന്നോ ഉസ്താദെന്നോ സന്യാസിയെന്നോ വലിയ സമ്പന്നരാജ്യമെന്നോ ഒന്നും നോക്കാതെ ലോകത്തിന്റെ എല്ലാ ഭാഗത്തും ക്ഷണിക്കാതെ വിളിച്ച അതിഥിയെപ്പോലെ പരിഭ്രാന്തിയുടെ താളവും കൊട്ടി കയറിച്ചെന്നു. ആർക്കും ആരേയും സഹായിക്കാൻ ഒക്കാത്ത ഭീകര അന്തരീക്ഷം. ഈ നാളുകളിൽ ബന്ധങ്ങൾക്ക് എന്തു വില? പണത്തിനും എന്തു വില? ലോകം തന്ന സ്ഥാനങ്ങൾക്കും മാനങ്ങൾക്കും എന്തു വില? സൈന്യ ബഹുത്തത്താൽ രാജാവു ജയം പ്രാപിക്കുന്നില്ല ബലാധിക്യം കൊണ്ടു വീരൻ രക്ഷപ്പെടുന്നില്ല. ജയത്തിൻ കുതിര വ്യർത്ഥമാകുന്നു തന്റെ ബലാധിക്യംകൊണ്ടു അതു വിടുവിക്കുന്നതുമില്ല (സങ്കീ.33:16). ലോകത്തിൽ മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കപോലും കൈമലർത്തുന്നു. ബലവാൻ ചണനാരുപോലെയും അവന്റെ പ്രവർത്തികൾ തീപ്പൊരിപോലെയും ആയിത്തീരും രണ്ടും ഒന്നിച്ചുകത്തി നശിക്കും ഏശയ്യ.(1:31). കർത്താവ് എങ്ങനെ കോപിക്കാതിരിക്കും, ആത്മീയ തലങ്ങളിൽപോലും കുത്തിത്തിരിപ്പും പകയും വിദ്വേഷവുമാണ്. എന്തിനുവേണ്ടി, അധികാരമോഹത്തിന്. ആടുകളെ മേയിക്കേണ്ട ഇടയന്മാർ കടിപിടികൂടുന്നതുകണ്ട് കുഞ്ഞാടുകൾ കൂട്ടം വിട്ട് പേടിച്ചരണ്ടുപോകുന്നു. തന്റെ മക്കളാരും നശിക്കാതെ താൻ വരുമ്പോൾ അവരെ കൂട്ടികൊണ്ടുപോകുവാൻ വേറെ ഒരു മാർഗ്ഗവും കാണുന്നില്ല. താൻ വേദനിപ്പിക്കുന്നവൻ അല്ലാതെ ആരാണ് തന്നെ സന്തോഷിപ്പിക്കുന്നത്.

ഈ ലോകത്തിലെ ഏറ്റവും വലിയ ഭരണാധികാരിയായ മരണം മുഖം നോക്കുന്നില്ല, പണം നോക്കുന്നില്ല, പദവി നോക്കുന്നില്ല. ചെറുതെന്നും വലുതെന്നും നോക്കുന്നില്ല. ഒന്നോർത്താൽ ഇട്ടു മൂടുവാൻ പണവും പൊന്നും ഉണ്ടെങ്കിലും നമ്മളെ മൂടുന്നത് വെറും പൂഴിമണ്ണ്. എത്ര വലിയ വിലകൂടിയ കാറുണ്ടെങ്കിലും അവസാനത്തെ യാത്ര ഏതെങ്കിലും ഒരു ആംബുലൻസിൽ. എത്ര വലിയ മിന്നിത്തിളങ്ങുന്ന ഡ്രസ് ഉണ്ടെങ്കിലും നമ്മളെ ആശുപത്രിയിലെ ഒരു ഷീറ്റുകൊണ്ടു പൊതിയും. എത്ര വലിയ തുകയുടെ കണക്കുകൾ കൂട്ടുന്നവനാണെങ്കിലും ആശുപത്രിയിലെ തുക അടയ്ക്കാനുള്ള ബില്ലു മാത്രം. മനുഷ്യന്റെ എല്ലാ അഹംഭാവങ്ങളും അവിടം കൊണ്ടു നിൽക്കുകയാണ്.

ഒന്നോർത്താൽ വലിയ വീടും ആയിരക്കണക്കിന് ആളുകൾക്ക് ഒന്നിച്ചുകൂടി നിൽക്കുവാനുള്ള പരിസരങ്ങളുമുണ്ട്, എന്തു പ്രയോജനം. ഗവണ്മെന്റ് അനുവദിച്ചിരിക്കുന്ന പരിധി ഏറിയാൽ അൻപതു പേരു മാത്രം. ഇതൊക്കെ ഇനിയും എന്നു മാറാനാണ്. വാക്സിനേഷൻ കൊണ്ടു നിൽക്കുന്നതാണെങ്കിൽപോലും ആദ്യത്തെ വാക്സിനേഷൻ എടുത്തവർക്ക് എല്ലാവർക്കും എടുത്തു വരുമ്പോഴത്തേയ്ക്ക് വീണ്ടും എടുക്കാറാകും. മനുഷ്യന്റെ ആഗ്രഹങ്ങളൊക്കെ നിലച്ചുപോകുന്നു. ഒന്നു മാത്രമുണ്ട് പ്രതീക്ഷിക്കുവാൻ മരണം അത് നമുക്ക് ഉറപ്പാണ്. ആരെല്ലാം ചുറ്റിനു നിന്നാലും സമയം ആകുമ്പോൾ ആതു നടന്നിരിക്കും. ഓരോ നിമിഷവും ഈ ലോകം വിടുവാനുള്ള തയ്യാറെടുപ്പോടെ ഒരുങ്ങിയിരിക്കുവാൻ നമുക്കു കാത്തിരിക്കാം. ●

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ബന്ധം സ്ഥാപിക്കുവാൻ സാധിക്കണം. യേശു തമ്പുരാൻ തന്നെ അതിന് ഉദാത്ത മാതൃക നല്കി നമ്മെ പഠിപ്പിച്ചു. മലമുകളിൽ കയറി അവിടുന്നു പ്രാർത്ഥിക്കുമായിരുന്നു (മർക്കോസ് 6:45–48). അവിടുന്ന് പലപ്പോഴും ജനക്കൂട്ടത്തെ പിരിച്ചുവിട്ട് വിജന പ്രദേശങ്ങളിലേക്ക് പിൻവാങ്ങി. അവിടെ പ്രാർത്ഥനാനിരതനായിരിക്കുമായിരുന്നു (ലൂക്കോ. 5:15–16). അപ്പോസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിന് മുമ്പും, തന്റെ വലിയ കഷ്ടാനുഭവത്തിനും ക്രൂശ്മരണത്തിന് മുമ്പുമായി അവിടുന്ന് ദീർഘനേരം പ്രാർത്ഥനയിൽ മുഴുകിയതായി തിരുവചനത്തിൽ നമ്മൾ വായിക്കുന്നു (ലൂക്കോ. 6:12, 22:39–46).

യേശുനാഥൻ ജനത്തെ പഠിപ്പിച്ചും, രോഗസൗഖ്യം നല്കിയും തന്റെ പരസ്യ ശുശ്രൂഷാകാലത്തു അത്യധ്വാനം ചെയ്യുമ്പോഴും നിത്യപിതാവുമായുള്ള തന്റെ ഗാഢബന്ധം പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ അവിടുന്ന് ദൃഢമാക്കിക്കൊണ്ടേയിരുന്നു. ദൈവവുമായുള്ള വ്യക്തി ബന്ധത്തിലേയ്ക്ക് നയിക്കുന്ന വഴി നിരന്തരമായ പ്രാർത്ഥനയാണെന്ന് കർത്താവ് നമ്മെ പഠിപ്പിച്ചു. മധ്യ പൗരസ്ത്യ സ്ഥലങ്ങളിലേ നമ്മുടെ ദയറാകളിൽ താമസിക്കുന്ന സന്യസ്തർ എപ്പോഴും 'യേശുനാമം' അവരുടെ നാവിൽ ഉരുവിട്ടുകൊണ്ടിരിക്കും. എപ്പോഴും ദൈവസാന്നിദ്ധ്യ സ്മരണയിൽ ജീവിക്കുന്നതിനുള്ള ഒരു പരിശ്രമം കൂടിയാണത്. ആയതിനാൽ നമ്മുടെ കൂദാശ ജീവിതത്തിലൂടെയും, യാമപ്രാർത്ഥനകളിലൂടെയും കുടുംബ പ്രാർത്ഥനയിലൂടേയും വ്യക്തിപരമായ നമ്മുടെ പ്രാർത്ഥനകളിലൂടെയും തിരുവചനവായനയിലൂടെയും കൂടുതൽ തീക്ഷ്ണതയുള്ളവരാകുവാനും ദൈവവുമായുള്ള ആഴമേറിയ വ്യക്തിബന്ധം സ്ഥാപിക്കുവാനും നമുക്ക് ഉത്സാഹിക്കാം. ഓരോ മനുഷ്യന്റേയും (വിശ്വാസികളുടേയും) വിജയവും പരാജയവും നിർണ്ണയിക്കുന്നത് അവൻ എത്ര മാത്രം ദൈവത്തോട് ചേർന്നിരിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. യേശുതമ്പുരാൻ തന്നെ അതു വ്യക്തമാക്കി. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല"(യോഹ. 15:4). ആയതിനാൽ എപ്പോഴും ദൈവത്തിന് ഒന്നാം സ്ഥാനം നൽകി, ദൈവത്തോട് എപ്പോഴും ഒട്ടിച്ചേർന്നു നിൽക്കുന്ന പ്രാർത്ഥനാ മനുഷ്യർ ആകുവാൻ നമുക്ക് പരിശ്രമിക്കാം.

കർത്തൃശുശ്രൂഷയിൽ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ** ●

# സ്നേഹത്തിന്റെ ത്യാഗം

അൻസു രാജു മങ്ങച്ചാലിൽ, രാമമംഗലം

**ദീപാങ്കുരം 2021 സമ്മാനാർഹമായ ചെറുകഥ**

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ.3:16)

ഒരു ഭവനത്തിൽ ചാക്കോയും, ജോണിയും എന്ന രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു. അവരുടെ മാതാവ് അവരുടെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയി, അതിനാൽ പിതാവ് വളരെ വാത്സല്യത്തോടുകൂടെയാണ് രണ്ട് മക്കളെയും വളർത്തിയത്. അതിൽ മൂത്തമകൻ ചാക്കോ നല്ല ദൈവവിശ്വാസത്തിൽ വളർന്നു, നന്നായി പഠിച്ച് ഉന്നത വിജയം നേടുകയും എല്ലാവരെയും സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്തുവന്നു. അവനൊരു നല്ലൊരു വ്യക്തിയായി വളർന്നു. ഇളയമകൻ ജോണിയാകട്ടെ ബാല്യത്തിൽ തന്നെ കൂട്ടുകെട്ടിൽപെട്ട് ചീത്ത ജീവിതരീതിയിൽ വളർന്നു. പിതാവ് കൂടുതൽ ലാളിച്ചതും ഇളയമകനെയാണ്. അതുകൊണ്ടാവാം ആമകൻ അപ്പനും കുടുംബത്തിനും നാട്ടുകാർക്കും ഒരു ശാപമായിരുന്നു. അവന്റെ വഴി പിഴച്ച പോക്കിൽ മനംനൊന്ത് അവരുടെ പിതാവ് ലോകത്തോട് യാത്ര പറഞ്ഞു. പിതാവിന്റെ മരണത്തോടുകൂടി ജോണി കൂടുതൽ ദുർമാർഗ്ഗത്തിൽ സഞ്ചരിച്ചു. എന്നാൽ ചാക്കോ ജോണിയെ അപ്പന്റെ സ്ഥാനത്തു നിന്നു വളരെ സ്നേഹത്തോടുകൂടി ഉപദേശിച്ചു നേർവഴിയെ നടത്താൻ ശ്രമിച്ചു. അവനുവേണ്ടി ദൈവത്തോട് താഴ്മയായി പ്രാർത്ഥിച്ചു. എത്രയൊക്കെ ചെയ്തിട്ടും ഒരു ഫലവും ഉണ്ടായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം തെരുവിൽ ജോണി ഒരാളുമായി ബഹളമുണ്ടാക്കുകയും അതിനെ തുടർന്ന് കൈയേറ്റവുമായി. തെരുവിൽ കേട്ട വലിയ ബഹളമെന്താണെന്നറിയാൻ ഓടിയെത്തിയ ചാക്കോ കണ്ടത് ഒരു ഭയാനകമായ കാഴ്ചയായിരുന്നു. ഒരു മനുഷ്യൻ കുത്തേറ്റ് മരിച്ചുകിടക്കുന്നു, കയ്യിൽ ഒരു കത്തിയും ദേഹം മുഴുവൻ രക്തവുമായി അവന്റെ സഹോദരൻ ജോണി അവിടെ നിൽക്കുന്നു. ചാക്കോ വളരെ പെട്ടെന്ന് അവന്റെ വസ്ത്രം മാറി ജോണിയുടെ രക്തം പുരണ്ട വസ്ത്രത്തിനു പകരം ചാക്കോയുടെ വസ്ത്രം നൽകിയിട്ട് സഹോദരനോട് ഉടൻ തന്നെ അവിടെ നിന്നും ഓടിപ്പോകുവാനായി ആവശ്യപ്പെട്ടു. ഭയപ്പെട്ടുപോയ ജോണി അവിടെനിന്നും ഓടി രക്ഷപ്പെട്ടു. ചോര പുരണ്ട വസ്ത്രവും, കത്തിയുമായി നിൽക്കുന്ന ചാക്കോയെ പോലീസ് കസ്റ്റഡിയിൽ എടുത്ത് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. പോലീസുകാർ അവനെ ക്രൂരമായി മർദ്ദിച്ച് അവശനാക്കിയശേഷം കോടതിയിൽ ഹാജരാക്കി, കേസിനൊടുവിൽ ചാക്കോയെ തൂക്കിക്കൊല്ലാൻ കോടതി വിധിച്ചു വിവരം അറിഞ്ഞ ജോണി സഹോദരനെ കാണാൻ ഓടിയെത്തി പോലീസുകാരോട് താനാണ് കൊല ചെയ്തതെന്നും, തന്റെ സഹോദരൻ നിരപരാധിയാണെന്നും അലറിക്കരഞ്ഞുകൊണ്ട് പറഞ്ഞു. പക്ഷേ അതുകൊണ്ട് ഫലമൊന്നും ഉണ്ടായില്ല. ചാക്കോയെ തൂക്കുമരത്തിലേക്ക് കൊണ്ടുപോകുമ്പോൾ സഹോദരന്റെ നേരെ നോക്കിയിട്ട് അവനോടു പറഞ്ഞു "നീ കൊലപാതകം ചെയ്തു എന്നത് സത്യമാണ് പക്ഷേ നിന്നെ തൂക്കിക്കൊന്നാൽ നിന്റെ ആത്മാവ് നരകത്തിലേക്ക് പോകും അതു ഞാൻ ആഗ്രഹിക്കുന്നില്ല, ഞാൻ എന്റെ പിതാവിന്റെ സ്നേഹിതനായി ദൈവത്തിന്റെ സന്നിധിയിലേക്ക് പോവുകയാണ് എന്നും പറഞ്ഞു. സഹോദരനോടുള്ള കറപുരളാത്ത സ്നേഹമാണ് ചാക്കോയുടെ വാക്കുകളിൽ. ചാക്കോ ഒന്നുകൂടി കൂട്ടിച്ചേർത്തു അതൊരു അപേക്ഷയുടെ ശബ്ദമായിരുന്നു. ഇനിയെങ്കിലും നീ ദൈവസ്നേഹത്തെ തിരിച്ചറിഞ്ഞ് നല്ല ഒരു മനുഷ്യനായി ജീവിക്കണമെന്ന്. അതും പറഞ്ഞുകൊണ്ട് ചാക്കോ മരണത്തിലേക്ക് നടന്ന് നീങ്ങി. തന്റെ സഹോദരന്റെ വാക്കുകൾ ജോണിയുടെ ഹൃദയത്തിൽ ഒരു സ്ഫോടനം തന്നെ ഉണ്ടാക്കി അവനൊരു പുതിയ മനുഷ്യനായി മാറി.

ഇതാണ് നമ്മുടെ യേശു നമുക്കുവേണ്ടി കാൽവരിക്കുന്നിൽ ക്രൂശിതനായി അവന്റെ സ്നേഹം മനുഷ്യമക്കൾക്കായി നൽകി. സ്നേഹത്താൽ അസാധ്യമായി ഈ ലോകത്തിൽ മറ്റൊന്നുമില്ല.

---

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

സ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു. ഭൂമി കിറു കിറെ കീറുന്നു. ഭൂമി കിടുകിടെ കിടുങ്ങുന്നു. ഭൂമി മത്തനെപോലെ ചാഞ്ചാടുന്നു. കാവൽമാടംപോലെ ആടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു. അതു വീഴും എഴുന്നേൽക്കുകയില്ല." ഭൂമിയുടെ അകൃത്യം എന്നാൽ ഭൂവാസികളുടെ ആകൃത്യം ആണ്. മനുഷ്യർ ദൈവത്തോടു പാപം ചെയ്തു അകൃത്യത്തോട് അകൃത്യം കൂട്ടുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു. (യെശ. 24:4–6).

ഈ ക്ഷാമവും ഭൂകമ്പവും പ്രകൃതിക്ഷോഭങ്ങളും മഹാവ്യാധികളും ഉണ്ടാകുന്നത് ഭൂമിമേൽ നിപതിക്കാൻ പോകുന്ന ഭയങ്കരമായ ദൈവിക ശിക്ഷാവിധിയുടെ മുന്നറിയിപ്പുകൾ മാത്രം. ഇതിനു മുന്നിൽ വിനയപ്പെട്ട് മാനസ്സാന്തരപ്പെടുന്നതാണ് ബുദ്ധി. ശീലോഹാവിലെ ഗോപുരം വീണുമരിച്ച 18 പേരെ കുറിച്ചു യേശുക്രിസ്തു കേട്ടപ്പോൾ പറഞ്ഞത് ആ പതിനെട്ടു പേർ യരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാരായിരുന്നില്ല (ലൂക്കോ. 13:4–5). മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

പ്രിയ സഹോദരങ്ങളെ, നിങ്ങൾ നശിക്കുന്നവരുടെ കൂട്ടത്തിലാകാതിരിപ്പാൻ കർത്താവായ യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിച്ച് രക്ഷ പ്രാപിക്കുക. അല്ലാഞ്ഞാൽ നാമും നശിച്ചുപോകും.

എന്ന്

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# ആരാധനകളിലും ശുശ്രൂഷകളിലും എല്ലാ യാമപ്രാർത്ഥനകളിലും കൂദാശാനുഷ്ഠാനങ്ങളിലും വിശ്വാസപ്രമാണം ചൊല്ലുന്നതിന്റെ കാരണം എന്ത്?




എല്ലാ അപ്പോസ്തോലിക സഭകളിലും ആരാധനയിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്. നാം ചൊല്ലുന്ന വിശ്വാസ പ്രമാണം "നിഖ്യാ വിശ്വാസ പ്രമാണം" എന്ന പേരിലാണ് അറിയപ്പെടുന്നത്. ആദിമ സഭയിൽ അപ്പോസ്തോലന്മാർക്ക് ശേഷം പലവിധമായ വിശ്വാസ വിപരീതങ്ങൾ ഉടലെടുക്കുകയുണ്ടായി. പരി. ത്രിത്വം, യേശുവിന്റെ ആളത്വം, മനുഷ്യാവതാരം, രക്ഷാകര ശുശ്രൂഷ, പീഢാനുഭവം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാം വരവ്, ന്യായവിധി, പരിശുദ്ധാത്മാവിന്റെ ആളത്വം, ആഗമനം, പ്രവർത്തനങ്ങൾ, മരണാനന്തര ജീവിതം, പരി. ദൈവമാതാവ് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വിശ്വാസ വിപരീതങ്ങൾ ഉടലെടുക്കുകയും വിശ്വാസികളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാവുകയും ചെയ്ത സാഹചര്യം ഉണ്ടായി. അങ്ങനെ അപ്പോസ്തോലന്മാരാൽ സ്ഥാപിതമായ സത്യവിശ്വാസം ചോദ്യം ചെയ്യപ്പെടുകയും തെറ്റായ പഠിപ്പിക്കലുകൾ പ്രചരിക്കുകയും ചെയ്ത സാഹചര്യത്തിൽ ക്രിസ്ത്യാനിയായ കുസ്തന്തിനോസ് ചക്രവർത്തിയുടെ നേതൃത്വത്തിൽ ക്രൈസ്തവ സഭയിൽ വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തിരുന്ന 318 പിതാക്കന്മാർ നിഖ്യാ എന്നു പറയുന്ന സ്ഥലത്ത് ഒന്നിച്ച് കൂടി വി. വേദപുസ്തകത്തിന്റേയും അപ്പോസ്തോലികമായ പഠിപ്പിക്കലുകളുടെയും അടിസ്ഥാനത്തിൽ വളരെ ചുരുങ്ങിയ വാക്കുകളിൽ രൂപപ്പെടുത്തി പരി. ആകമാന സഭയ്ക്ക് സമർപ്പിച്ച സത്യവാചകങ്ങളാണ് നിഖ്യാ വിശ്വാസപ്രമാണം.

പരി. ത്രിത്വത്തിലും അതിലെ മൂന്ന് ആളത്വങ്ങളുടെയും പ്രവർത്തനങ്ങളും അതിലുള്ള വിശ്വാസവും നാം ഒരു ദിവസം തന്നെ പല പ്രാവശ്യം ആവർത്തിച്ച് ചൊല്ലുന്നു. ഒന്നാം ഖണ്ഡികയിൽ പിതാവായ ദൈവം ആരെന്നും പിതാവിന്റെ പ്രവർത്തനങ്ങൾ എന്തെന്നും ചുരുങ്ങിയ വാക്കുകളിൽ പ്രസ്താവിക്കുന്നു.

രണ്ടാം ഖണ്ഡികയിൽ യേശുക്രിസ്തുവിന്റെ നിത്യത, മനുഷ്യാവതാരം, രക്ഷാകര പ്രവർത്തനങ്ങൾ, പീഢാസഹനം, ക്രൂശുമരണം, പുനരുത്ഥാനം, രണ്ടാം വരവ്, ന്യായവിധി തുടങ്ങിയ രക്ഷാകര പ്രവർത്തനങ്ങളും വിവരിക്കുന്നു. യേശു ദൈവം എന്ന് നാം ഹൃദയം കൊണ്ട് വിശ്വസിച്ച് വായകൊണ്ട് അത് ഏറ്റുപറയുകയാണ് ചെയ്യുന്നത്.

മൂന്നാം ഖണ്ഡികയിൽ പരി. ത്രിത്വത്തിൽ മൂന്നാമത്തെ ആളത്വമായ പരി. റൂഹായുടെ ആഗമനവും, പഴയ നിയമ കാലത്തിലെ പ്രവർത്തനങ്ങളും, ഇപ്പോഴത്തെ പ്രവർത്തനങ്ങളും പരി. സഭയുടെ സാർവ്വത്രിക സ്വഭാവവും ഏറ്റുപറയുന്നു.

നാലാം ഖണ്ഡികയിൽ ഏകസ്നാനത്തിന്റെ പ്രസക്തി, വിശ്വാസികളായ മരിച്ചവരുടെ ഉയർപ്പ്, വരുവാനിരിക്കുന്ന ലോകത്തിലുള്ള പ്രത്യാശ എന്നിവ പ്രസ്താവിക്കുന്നു.

വിശ്വാസ പ്രമാണത്തിലെ ഓരോ വാക്കുകളും വളരെ വിലപ്പെട്ടതാണ്. വി. വേദപുസ്തകത്തിന്റെയും, പരി. അപ്പോസ്തോലികന്മാരുടെ പഠിപ്പിക്കലുകളുടെ ഉള്ളടക്കവും വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളുന്നു. ഒരു വ്യക്തി പരി.സഭയിൽ അംഗമായിത്തീരുന്ന സ്നാനശുശ്രൂഷ മുതൽ നിരന്തരമായി ഈ വിശ്വാസം ഏറ്റുചൊല്ലുന്നു എന്നു മാത്രമല്ല ഒരു വിശ്വാസി മരിക്കുമ്പോൾ ഏറ്റുചൊല്ലുന്നതും വിശ്വാസ പ്രമാണമാണ്.

ചുരുക്കത്തിൽ പരി. സഭയുടെ സത്യവിശ്വാസത്തിന്റെ അടിസ്ഥാനം മുഴുവൻ വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നതിനാൽ എല്ലാ യാമ പ്രാർത്ഥനകളിലും, ശുശ്രൂഷകളിലും ആരാധനകളിലും വിശ്വാസപ്രമാണം ശ്രദ്ധാപൂർവ്വം ഏറ്റുചൊല്ലേണ്ടതാണ്.

## അമ്മ തൻ അരികെ

**ബിജു. ഇ. പി**

അമ്മ തൻ അരികെ
അഭയം തേടി ഞാൻ
എത്തിടുമ്പോളെന്റെ
ആകുലം മാറിടുന്നു....

ആലംബഹീനർക്ക് ആശ്രയമാകും
അമ്മ തൻ അരികെ ഞാൻ
എത്തിടുമ്പോളെന്റെ
ആശ്വാസമായിടുന്നു

ദമ്പതികൾക്കാനന്ദമതേകും
മക്കളവർക്കേകാൻ മദ്ധ്യസ്ഥതയേകും,
ആരോരുമില്ലാത്ത പൈതങ്ങളെ കാക്കും
കനിവിന്റെ കനലായോരമ്മ.

കുറവിന്റെ ഉറവിടം ഉൾകണ്ണാൽ കണ്ടു
കാനാവിൽ കനിവിന്റെ ഉറവയായ അമ്മ
കനിവിന്റെ അമ്മ, കരുതലിന്റെ അമ്മ
കന്യാവ്രതത്തിന് ഭംഗം വരാത്തോരമ്മ

താതന്റെ പുത്രന് താരാട്ടുപാടി
താലോലം ഏകുവാൻ ഭൂവിൽ പിറന്ന
താഴാഴ്മ പൂണ്ടോരമ്മ എന്റെ
തമ്പുരാന്റെ അമ്മ....

പുത്രന്റെ മരണം ക്രൂശിന്മേൽ കണ്ടു
കണ്ണുനീർ വാർത്തോരമ്മ
കാൽവറി നാഥന്റെ അമ്മ
എന്റെ തമ്പുരാന്റെ അമ്മ.

# വിവാഹിതരായി



Advt -R

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കുറിച്ചി മുക്കാട്ട് പുത്തൻപറമ്പിൽ Sunny Zachariah-യുടെയും പരേതയായ Jessy Zachariah-യുടെയും മകൻ **MIDHUN ZACHARIAH യും** കോട്ടയം സെന്റ് മേരീസ് വലിയപള്ളി ഇടവകയിൽ ഓണാട്ട് Andrews Simon –ന്റെയും Valsama Andrews-ന്റെയും മകൾ **ALEENA ANDREWS ഉം** തമ്മിലുള്ള വിവാഹം 2021 ആഗസ്റ്റ് 23–ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ ഫാ. ടിനോ തോമസ് മഠത്തിൽമണ്ണിലിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



Advt -R


കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളി ഇടവകയിൽ പടിഞ്ഞാറേതിൽ എ.കെ. തോമസിന്റെയും ലീലാമ്മ തോമസിന്റെയും മകൻ **ടെറിൻ തോമസും** കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വലിയ വീട്ടിൽ പടിക്കൽ മനോജ് ഏബ്രഹാമിന്റെയും അൻസു മനോജിന്റെയും മകൾ **കെസിയാ മനോജും** തമ്മിലുള്ള വിവാഹം 22–08–2021–ൽ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



വള്ളംകുളം St. Mary's Knanaya Bethel പള്ളി ഇടവകയിൽ വലിയവീട്ടിൽ പടിക്കൽ മലയിൽ വി.സി. സാബുവിന്റെയും ജോളി സാബുവിന്റെയും മകൻ **സിജിൽ വി.എസ്-ഉം** റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ ഇടശ്ശേരിൽ ജെയുംസ് ഏബ്രഹാമിന്റെയും ലൈസി ജെയുംസിന്റെയും മകൾ **ജെക്സാ ജെയുംസും** തമ്മിലുള്ള വിവാഹം 25-09-2021-ൽ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ St. Mary's Knanaya Bethel പള്ളിയിൽ നടത്തപ്പെട്ടു.

Advt -0



## പ്രശസ്ത വിജയം

# DR. RICHU SUSAN PHILIP

ഇംഗ്ലണ്ടിലെ University of Liverpool-ൽ നിന്നും M.B.B.S ഉം Imperial College of London -ൽ നിന്നും Additional BSc honourse ലും ഉന്നതവിജയം കരസ്ഥമാക്കി Birmingham City Hospital-ലിൽ Foundation Doctor ആയി നിയമനവും ലഭിച്ച Richu Susan Philip ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകാംഗമായ കൊണ്ടൂർ (മാതാ - മൂലംകുളം) ഫിലിപ്പുകുട്ടിയുടെയും സജിനിയുടെയും മകളാണ്. (പരേതനായ കെ.പി. സക്കറിയ കൊണ്ടൂരിന്റെ കൊച്ചുമകളാണ്) സക്കറിയ ഫിലിപ്പ് സഹോദരനാണ്. റിച്ചുവിന് കൊണ്ടൂർ & കടവിൽ (കോട്ടയം) കുടുംബാംഗങ്ങളുടെയും അഭിനന്ദനങ്ങൾ.

Advt -0

# നവീകരിച്ച മോർ അപ്രേം സെമിനാരി കൂദാശയും ഓഫീസ് ഉദ്ഘാടനവും



















## 50th Wedding Anniversary
## 14-11-2021



## C. K. Abraham and Leelamma Abraham

**Chakkalathra house, Bangalore**

Prayers and wishes from loving children, daughter in laws and grandchildren

Advt -O

# ഓരോ കുഞ്ഞിലും ക്രിസ്തുമസ് കാണാൻ കഴിയട്ടെ



**സുനിൽ ഡി. കുരുവിള**

പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികളെക്കുറിച്ച് മാതാപിതാക്കൾ സ്ഥിരം പറയുന്ന ഒരു ഡയലോഗ് ഉണ്ട് "അവനു ബാക്കി എല്ലാ കാര്യത്തിനും വലിയ മിടുക്കാ. ബുദ്ധിക്കൊന്നും ഒരു കുഴപ്പവും ഇല്ല. ഏതു നേരവും കളി..... കളി എന്നൊരു വിചാരമേയുള്ളൂ!"

പലപ്പോഴും കുട്ടികളിലെ learning disability-യെ കുറിച്ചോ, hyper activity-യെക്കുറിച്ചോ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വലിയപിടി ഒന്നുമില്ല. ഇനി അറിവുള്ളവർക്കു തന്നെ സ്വന്തം കുട്ടികളിൽ അതൊക്കെ accept ചെയ്യാൻ ego അനുവദിക്കാറില്ല. പിന്നെ അറിവുള്ളവരുമായി കൂടിയാലോചിക്കുക എന്നത് മലയാളിക്ക് ആലോചിക്കാൻപോലും പറ്റത്തില്ല. പലപ്പോഴും ബാല്യത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കേണ്ട കുട്ടികളിലെ പലവിഷയങ്ങളും ആ സമയത്തു നിസ്സാരമായി കാണുകയോ അല്ലെങ്കിൽ കുട്ടി വളരുമ്പോൾ എല്ലാം ശരിയായിക്കോളും എന്ന് കരുതുകയോ ചെയ്യുന്നു. കാര്യങ്ങൾ കൈവിട്ടു പോകുന്നത് കൗമാരത്തിലാണ്. അത്തരം കുട്ടികൾ ഹൈസ്കൂൾ തലത്തിലേയ്ക്കൊക്കെ വരുമ്പോഴാണ് problem തിരിച്ചറിയപ്പെടുന്നത്.

പഠനത്തിൽ അവർ പുറകോട്ടു പോകുന്നു. സ്വഭാവത്തിൽ പ്രശ്നങ്ങൾ.... മനോഭാവത്തിൽ പ്രശ്നങ്ങൾ......അലസത.... അവർ മനസ്സിലാക്കപ്പെടുന്നില്ല......അവരെ ആരും കേൾക്കുന്നില്ല....... നല്ലതു പറയുന്നില്ല... സ്വാഭാവികമായും അവരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ഒക്കെ മുറിപ്പെടുന്നു.

അവർ careless അല്ല 'cared less' ആണ്. അവരുടെ നന്മ ആരും തിരിച്ചറിയുന്നില്ല. അവരുടെ സാധ്യതയും അവരിലെ പ്രത്യേകതകളും മനസ്സിലാക്കാൻ ആരും മിനക്കെടുന്നില്ല. കളിക്കാനോ, കലാപരമായോ സാമൂഹികമായോ ഉള്ള അവരുടെ കഴിവുകൾക്ക് വില കല്പിക്കുന്നില്ല.... അവരിലെ നല്ല മനുഷ്യന് ആരാണ് വില നൽകുന്നത്?

സ്കൂളിൽ 'പഠിക്കാത്തകുട്ടി' 'മോശം കുട്ടി' എന്നൊക്കെ അടയാളപ്പെടുത്തുന്ന ഇത്തരം കുട്ടികൾ പലപ്പോഴും വീട്ടിലും ശരിയായി മനസ്സിലാക്കപ്പെടുകയോ കരുതപ്പെടുകയോ ചെയ്യുന്നില്ല. എല്ലാ കുട്ടികളും പഠിക്കാൻ വലിയ ഉൾപ്രേരണ ഉള്ള കുട്ടികൾ അല്ല. ഓരോ കുട്ടിയും വ്യത്യസ്തവും വിഭിന്നവുമാണ്. ചില കുട്ടികളിൽ വൈകല്യങ്ങളോ കുറവുകളോ കാണപ്പെട്ടേക്കാം. അതും പലപ്പോഴും മാതാപിതാക്കളുടെ പാരമ്പര്യത്തിൽ നിന്നോ അവർക്കു നൽകിയ പരിതസ്ഥിതിയിൽ നിന്നോ parenting നിലവാരത്തിൽ നിന്നോ ഒക്കെ അവർക്കുണ്ടായ പ്രശ്നങ്ങൾ തന്നെയാണ്. കുട്ടികളെ ഉപാധിയോടെ കാണുന്നതും സമീപിക്കുന്നതും തെറ്റാണ്. അവരെ ആദ്യം respect ചെയ്യുകയും അംഗീകരിക്കുകയും ചെയ്യാനുള്ള മനസ്സാണ് മാതാപിതാക്കൾക്ക് ആദ്യം ഉണ്ടാകേണ്ടത്. അവരെ മനസ്സു കൊണ്ട് സ്വീകരിക്കാതെ അവരെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? അവരെ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും?

സ്നേഹവും അംഗീകാരവും തന്നെ വലിയ 'therapy' യാണ്. കുട്ടികളെ ചേർത്ത് പിടിക്കുകയും അവരോടു കഥയും കൊച്ചു വർത്തമാനങ്ങളും വിശേഷങ്ങളും ഒക്കെയായി 'quality' ടൈം ചിലവഴിക്കുന്നതും; അവർക്കു പോഷക സമൃദ്ധമായ നല്ല ആഹാരം കൊടുക്കുന്നതും, ചിട്ടയോടും സമഗ്രമായും അവരെ വളർത്തുന്നതും ഒക്കെ വലിയ സുവിശേഷമാണ്.... പ്രാർത്ഥനയാണ്..

"ആ കാണാതെപോയ, കുറഞ്ഞുപോയ, വീണുപോയ, കൂട്ടം തെറ്റിപോയ ആടിനെയാണ് ഇടയൻ അന്വേഷിച്ചിറങ്ങേണ്ടത്... അവനാണല്ലോ മാനസാന്തരത്തിന്റെ ആവശ്യം കൂടുതൽ ഉള്ളത്"

ഓരോ കുട്ടിയിലുമുള്ള ഭാവം ദൈവദാനമാണ്! ഓരോ കുട്ടിയേയും അടുത്തറിയാനും തിരിച്ചറിയാനും കഴിയുന്നതാണ് ആത്മീയത!

പഠനത്തിൽ വളരെ മിടുക്കരായ കുട്ടികളിലും കുറവുകൾ ഉണ്ടാകാം. അത് കണ്ടെത്തി അവരെ പൂർത്തീകരിക്കാൻ ശ്രമിക്കാം. അസൂയയും സ്വാർത്ഥതയും ഈഗോയും ആത്മവിശ്വാസക്കുറവും ആശയവിനിമയക്കുറവുകളും ഒക്കെ നല്ല മിടുക്കർ എന്ന് നമ്മൾ കരുതുന്ന കുട്ടികളിലും ഉണ്ടാകാം. മുഴുവൻ സമയവും പഠിക്കുന്ന ചില കുട്ടികളിൽ വ്യക്തിത്വ പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും നല്ല സുഹൃത്തുക്കൾ ഇല്ലാത്തതും ഒക്കെ നാളെ 'വിഷയങ്ങൾ' ആകാം.

പഠനത്തിലും മറ്റും പുറകോട്ടു നിൽക്കുന്ന കുട്ടികളെ നന്നായി observe ചെയ്യണം. എന്താണ് കാരണം, ബുദ്ധിപരമായ കാരണങ്ങൾ ആണോ, സ്വഭാവ പ്രശ്നങ്ങൾ ആണോ, എന്തെങ്കിലും മാനസിക-വൈകാരിക വിഷയമാണോ? ഒക്കെ അറിയാൻ ശ്രമിക്കണം. നമുക്ക് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയില്ലെങ്കിൽ Counselling/ psychology/ medical രംഗത്തുള്ളവരോടോ, മികച്ച അദ്ധ്യാപകരോടോ ഒക്കെ കാര്യങ്ങൾ തിരക്കാം. കുട്ടിക്കാലത്തുതന്നെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിച്ചാൽ അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താം. അവരെ ആക്ഷേപിക്കുന്നതും താരതമ്യം ചെയ്യുന്നതും വലിയ ദോഷം ചെയ്യും. വെറുതെ സ്കൂൾ മാറ്റിയതുകൊണ്ടോ, ട്യൂഷൻ കൂട്ടിയത് കൊണ്ടോ, വിരട്ടിയതുകൊണ്ടോ ഒന്നും പഠനം മെച്ചപ്പെടുകയില്ല. കൃത്യമായ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം. എല്ലാം പൂർണ്ണമായും പരിഹരിക്കാൻ കഴിയണമെന്നും ഇല്ല. പഠിക്കാൻ കുറവുള്ള കുട്ടികളിൽ മറ്റെന്തെങ്കിലും കഴിവോ അഭിരുചിയോ തീർച്ചയായും ഉണ്ടാകും. കലാപരമായി, കായികപരമായി ഒക്കെ അവർക്കു talent കാണും. കണ്ടെത്തി പരിപോഷിപ്പിക്കണം വളർത്തണം. സാമൂഹിക ബന്ധങ്ങളും കാഴ്ചപ്പാടും ഒക്കെ വികസിപ്പിക്കണം. അതൊക്കെ അവരെ ജീവിത വിജയം നേടാൻ സഹായിക്കും.

അവരെ എന്തിനൊക്കെ കൊള്ളാം എന്ന് അവരോടു ആവർത്തിച്ചു പറയാൻ മടികാണിക്കരുത്. നമ്മുടെ കുട്ടിക

ളുടെ മൂല്യം ഉയർത്തി നിർത്തുകയും, അവരെ വേണ്ടവരാണ് എന്ന് മനസ്സിലാക്കി കൊടുക്കുകയും, അവരെക്കുറിച്ച് അഭിമാനത്തോടെ മറ്റുള്ളവരോട് സംസാരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. അവർക്കു ഒരു 'positive self image' കിട്ടുമ്പോഴാണ് അവർ അവരെ സ്നേഹിക്കാൻ തുടങ്ങുന്നത്. അത് അവരെ പഠനത്തിലും സ്വഭാവത്തിലും മെച്ചപ്പെടുത്തിയേക്കാം.

Doctor ഉം Engineer ഉം ഒക്കെ ഒരു obsession ആയി നിൽക്കുന്ന സമൂഹത്തിൽ ഒരു അമ്മ പറഞ്ഞ വാചകം ഇന്നും എന്നെ ആകുലപ്പെടുത്തുന്നു. "ഇതൊക്കെ എന്റെ വയറ്റിൽ തന്നെ വന്നു കയറിയല്ലോ"! (ഈ അമ്മ ഒരു engineer ആയിരുന്നു).

അത്തരം അനേകം കുട്ടികളാണ് നമ്മുടെ സമൂഹത്തിൽ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ഹ്രസ്വ കാഴ്ച കൊണ്ട് മാത്രം മുറിവേറ്റു ജീവിക്കുന്നത്... നമ്മൾ തോല്പിച്ചു കളയുന്നത്. അവരാണ് ഏതു സമൂഹത്തിന്റെയും ഉപ്പായി മാറുന്നത് എന്ന് 23 വർഷമായി സമൂഹത്തോട് വിളിച്ചു പറയുന്ന ഒരു എളിയ പ്രവർത്തനമാണ് ഇൻസൈറ്റ് മിഷൻ... micro level ൽ എങ്കിലും അനേകം കുഞ്ഞുങ്ങളെ രക്ഷിക്കാൻ കഴിഞ്ഞു എന്ന സംതൃപ്തി വലുതാണ്. മാനവശേഷി വികസന രംഗത്ത് വലിയ ചർച്ച വേണ്ട വിഷയം, സൺഡേസ്കൂളുകളും മറ്റും ജീവനെ പരിപോഷിപ്പിക്കുന്ന ഇടങ്ങളായി മാറട്ടെ. ജീവനുള്ള വചനം കുഞ്ഞുങ്ങൾ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യട്ടെ. ദൈവ നാമത്തിനു മഹത്വമുണ്ടാകട്ടെ.

*സുനിൽ ഡി കുരുവിള - ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലറും ആണ്.*

*Cell: +91 9656144712*

*Email - sunil_kuruvilla@rediffmail.com*


*Web site- www.insightmission.org*

# നവീകരിച്ച അപ്രേം സെമിനാരി കൂദാശ ചെയ്തു

ചരിത്രമുറങ്ങുന്ന നവീകരിച്ച മോർ അപ്രേം സെമിനാരിയുടെ കൂദാശ ക്നാനായ സമുദായ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുകയും, ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം കേരള കൾച്ചർ ആൻഡ് ഹാർബർ എൻജിനിയറിംഗ് വകുപ്പ് മന്ത്രി ശ്രീ സജി ചെറിയാൻ നിർവ്വഹിച്ചു. ക്രൈസ്തവ പാരമ്പര്യവും പൈതൃകവും നിലനിർത്തുവാൻ ക്നാനായ സമുദായത്തിലെ പങ്കു വലുതാണെന്ന് മന്ത്രി പറഞ്ഞു. മുൻ കോട്ടയം എം.പി. യും കേരളാ കോൺഗ്രസ് (എം) ചെയർമാനുമായ ശ്രീ. ജോസ് കെ. മാണി മുഖ്യ അതിഥി ആയിരുന്നു. കോട്ടയം എം.എൽ. എ. ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രഭാഷണം നടത്തി.

ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സ്വാഗതവും, വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി കെ. ഫിലിപ്പ്, കൗൺസിലർ ശ്രീമതി ലിസി മണിമല, ആക്ടിംഗ് ട്രസ്റ്റി ശ്രീ. തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. റ്റി. സി. തോമസ് തോപ്പിൽ, ശ്രീ.സാബു കണ്ണാടിപ്പുഴ, രാജു വള്ളപുരയ്ക്കൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് ഇളവൻകളം, മാനേജർ റവ.ഫാ. ഷിബിൻ മണിമലേത്ത്, മുൻ സമുദായ സെക്രട്ടറി ശ്രീ. തമ്പാൻ തോമസ് എന്നിവർ ആശംസകളർപ്പിക്കുകയും, ശ്രീ വില്ലി വടാമറ്റം നന്ദി അറിയിക്കുകയും ചെയ്തു.

## വന്ദ്യ പി. ജെ. തോമസ് കോർ എപ്പിസ്ക്കോപ്പാ (പുരക്കൽ അച്ചൻ) യുടെ 50-ാം ചരമവാർഷിക സ്മരണാർത്ഥം എൻഡോവ്മെന്റ് ഫണ്ട്



ക്നാനായ സമുദായത്തിന്റെ മുൻ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന പുരയ്ക്കൽ വന്ദ്യ പി. ജെ. തോമസ് കോർ എപ്പിസ്ക്കോപ്പാ (പുരക്കൽ അച്ചൻ) യുടെ 50-ാം ചരമവാർഷിക സ്മരണാർത്ഥം എൻഡോവ്മെന്റ് ഫണ്ട് ആയി കുടുംബാംഗങ്ങൾ നൽകിയ 1,20,000/- രൂപ സമുദായത്തിലെ നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിനുവേണ്ടി മർത്തമറിയം വനിതാസമാജം പ്രസിഡന്റ് മദർ സുപ്പീരിയർ സിസ്റ്റർ ശൈനോ അഭി. സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയിൽ നിന്നും ഏറ്റു വാങ്ങുന്നു. ക്നാനായ ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, ഷീബി പുരയ്ക്കൽ, പി.റ്റി. പുന്നൂസ് പുരയ്ക്കൽ എന്നിവർ സമീപം.

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**Parenting Patterns (പേരന്റിംഗ് ശൈലികൾ)**

**4. ജനാധിപത്യ ശൈലി** (Authoritative Parenting Pattern)

നാം അവലംബിക്കേണ്ട പേരന്റിംഗ് ശൈലി ഇതാണ്. ജനാധിപത്യശൈലി. കുട്ടികൾക്ക് അർഹമായ എല്ലാ പരിഗണനയും സംരക്ഷണവും കരുതലും നൽകുന്നതും അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കുന്നതും അവരുടെ അവകാശങ്ങളെക്കുറിച്ച് സുബോധമുള്ളതും ആയ പേരന്റിംഗ് ശൈലി കാത്തു സൂക്ഷിക്കുവാൻ എല്ലാ മാതാപിതാക്കളും സന്നദ്ധരാകണം. ഇത്തരം മാതാപിതാക്കൾ ശ്രദ്ധാലുക്കളും ക്ഷമാശീലമുള്ളവരും ആയിരിക്കും. അവർ കുട്ടികളെ ശരിയായ സ്വഭാവരീതി പഠിപ്പിക്കുവാൻ പ്രയത്നിക്കുന്നു. അച്ചടക്കവും സാമാന്യ മര്യാദകളും പഠിപ്പിക്കുന്നു. അനുസരിക്കുമ്പോൾ അഭിനന്ദനവും പാരിതോഷികവും നൽകുന്നു. തെറ്റു ചെയ്താൽ ശാസനയും ആവശ്യമെങ്കിൽ ചെറുശിക്ഷകളും നൽകി dicipline ആയി വളർത്തുന്നു. "ചൊല്ലും ചോറും കൊടുത്ത് വളർത്തുക" എന്ന ചൊല്ലുപോലെ കുട്ടികളുടെ ആശയങ്ങളെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വത്തെ ആദരിക്കുകയും ചെയ്യും. അത്തരം മാതാപിതാക്കൾ കുട്ടികളുടെ ആശ്രയവും അഭയകേന്ദ്രവുമായിരിക്കും. എന്നാൽ കടുത്ത നിയന്ത്രണം ഉണ്ടാകയില്ല. അവർക്കു പഠിക്കുവാൻ എളുപ്പമാകുന്ന നിയമങ്ങൾ നൽകാൻ ശ്രമിക്കും.

തെരഞ്ഞെടുക്കുവാനും അഭിപ്രായം പറയുവാനും വിമർശിക്കുവാനുമുള്ള സ്വാതന്ത്ര്യം നൽകുന്നതിന് അവർ മടിക്കുകയില്ല. സ്വാതന്ത്യത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും സന്തുലനം ഉണ്ടായിരിക്കും. ഇങ്ങനെ വളരുന്ന കുട്ടികൾ ഉത്തരവാദിത്വ ബോധമുള്ളവരും തങ്ങളുടെ കഴിവിനെക്കുറിച്ചും പരിധികളെക്കുറിച്ചും തികഞ്ഞ ബോധ്യമുള്ളവരുമായിരിക്കും. തീരുമാനമെടുക്കുവാനുള്ള ധൈര്യവും അതിൽ ഉറച്ചു നിൽക്കുവാനുള്ള കഴിവും ഇവർ സായത്തമാക്കും. മികച്ചത് തെരഞ്ഞെടുക്കുവാനുള്ള പക്വതയും മാറ്റങ്ങൾ ഉൾക്കൊള്ളുവാനുള്ള ഉൾക്കാഴ്ചയും വിജയിക്കാനുള്ള തൃഷ്ണയും ഇവർക്കുണ്ടാകും. ആരോഗ്യകരമായ വിമർശനവും പ്രകടിപ്പിക്കാനുള്ള ആർജ്ജവത്വം ഇവർക്കു കൈമുതലായിരിക്കും.

എനിക്കൊരു സുഹൃത്തുണ്ട്. അദ്ദേഹത്തിന് മൂന്ന് ആൺമക്കൾ. അഭിപ്രായ സ്വാതന്ത്ര്യത്തിലും പ്രതികരണശേഷിയിലും വിമർശനത്തിലും മുൻപന്തിയിൽ നിൽക്കുന്ന മൂന്നു യുവാക്കൾ. പിതാവിനെപ്പോലും വിമർശിക്കുവാൻ അധികാരം കൊടുത്തിട്ടുണ്ട്. ഞാൻ വൈദികനാണെങ്കിലും ഭവനസന്ദർശന സമയത്ത് എന്റെ അഭിപ്രായങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കുവാൻ യാതൊരു മടിയും കാണിക്കാത്ത യൗവ്വനക്കാർ. ഞാൻ അവരുടെ മാതാപിതാക്കളെ മക്കളെ വളർത്തിയ ശൈലിയെക്കുറിച്ച് അഭിനന്ദിക്കുകയുണ്ടായി.

മക്കളെ ദൈവവിശ്വാസത്തിൽ വളർത്തുന്ന മാതാപിതാക്കളാണവർ. ദൈവത്തിന് അവരെക്കുറിച്ച് ഒരു പദ്ധതിയുണ്ടെന്നും ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നവരുടെ ആത്മവിശ്വാസം ഉയരുമെന്നും ദൈവം ദോഷമായിട്ടൊന്നും ചെയ്കയില്ലെന്നും മക്കളെ ബോധ്യപ്പെടുത്തുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. ഉറച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള ധൈര്യവും തന്റേടവും അതുവഴി അവർ സ്വായത്തമാക്കി. ധന സമ്പാദനത്തിന് ഒരിക്കലും പ്രാധാന്യം നൽകിയല്ല വളർത്തിയിട്ടുള്ളത്. ഓരോരുത്തർക്കും വ്യക്തിത്വമുണ്ട്. വ്യക്തിത്വബോധവും, സ്വാഭിമാനവും, ഉന്നത ആദർശങ്ങളും, നിശ്ചയദാർഢ്യവും അവരെ കരുത്തറ്റ പൗരന്മാരാക്കിത്തീർത്തിട്ടുണ്ട്. സാമൂഹികാവബോധവും പ്രതിബദ്ധതയും നൽകി അവരെ വളർത്തിയെടുത്തിട്ടുള്ളതിനാൽ മൂന്നുപേരും സാമൂഹികനന്മ ലക്ഷ്യമാക്കിയാണ് തങ്ങളുടെ കരിയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്.

ഇങ്ങനെ മാതൃകാപരമായി മക്കളെ വളർത്തുന്ന മാതാപിതാക്കൾ അവലംബിക്കുന്ന പേരന്റിംഗ് ശൈലിയാണ് ജനാധിപത്യ ശൈലി. വിദേശത്ത് പതിനെട്ട് വയസ്സുകഴിഞ്ഞാൽ മാതാപിതാക്കളോടൊപ്പം മക്കൾ വസിക്കുന്നത് ചുരുക്കമാ

ണ്. ആ പ്രായത്തിനുള്ളിൽ സ്വയമായി ജീവിക്കുവാൻ കുട്ടികൾ പ്രാപ്തരായിക്കഴിയും. ആയതിനാൽ തള്ളക്കോഴി തന്റെ കുഞ്ഞുങ്ങൾ പ്രാപ്തിയായി കഴിഞ്ഞെന്നു ബോധ്യപ്പെടുമ്പോൾ കൊത്തിപ്പിരിക്കുന്നതുപോലെ നമ്മുടെ മക്കളെ അവരുടെ ജീവിതം ജീവിക്കാനായി അനുവദിക്കു.

**5. അമിത സംരക്ഷകർ** ((Hyper Parenting)

കുട്ടികളെ അമിതമായി സംരക്ഷിക്കുന്ന മാതാപിതാക്കളെ നമ്മുടെ ചുറ്റും കാണാം. അനാവശ്യമായ ഭയം കൊണ്ട് നടക്കുന്ന മാതാപിതാക്കളാണ് ഈ ശൈലി അവലംബിക്കുന്നത്. അവരുടെ ഉള്ളിലെ ഭയവും ഉത്കണ്ഠയും കുട്ടികളിലേയ്ക്ക് കടത്തി വിടുന്നു. അവർ കുട്ടികളെയും ഭീരുക്കളാക്കുന്നു. അവരെക്കൊണ്ട് ഒന്നും ചെയ്യിക്കയില്ല. അവർ എന്തെങ്കിലും ചെയ്യാൻ ശ്രമിച്ചാൽ മാതാപിതാക്കൾ പറയും:

"അതവിടെ ഇട്ടേക്കു മോനെ; അമ്മ ചെയ്തോളാം; അല്ലെങ്കിൽ അച്ചൻ വരുമ്പോൾ ചെയ്തുകൊള്ളും". കുട്ടികൾ ഇതൊരു ആനുകൂല്യമായി കാണും. എന്തെങ്കിലും ചെയ്യാമെന്ന് വിചാരിക്കുന്നത് തന്നെ മടിയോടെയാണ്. ഇങ്ങനെയൊരു പിൻതുണ കിട്ടിയാൽ അവർ ഒന്നും ചെയ്യാതെ വരും. മക്കളെ നിഷ്പ്രയോജനമാക്കുകയാണ് അങ്ങനെയുള്ള മാതാപിതാക്കൾ. മക്കളുടെ ആത്മധൈര്യവും തീരുമാനമെടുക്കാനുള്ള കഴിവും ഇല്ലാതെയാകുന്നു.

"അവൻ കുഞ്ഞല്ലെ? അവൾക്കതിനുള്ള കഴിവൊന്നുമില്ല. വല്ല അപകടവും സംഭവിച്ചാൽ എന്തുചെയ്യും"?

കുട്ടികൾക്ക് അമിത സംരക്ഷണം നൽകുന്ന മാതാപിതാക്കൾ അവർ മുതിർന്നു കഴിയുമ്പോഴും ഈ സംരക്ഷണം തുടരും. അവർ വിവാഹിതരായാലും വെറുതെ വിടുകയില്ല. അവരുടെ പിന്നാലെ നടന്ന് അവർക്കെന്താണ് വേണ്ടതെന്ന് ചോദിക്കുമ്പോൾ മകന്റെ/മകളുടെ ജീവിത പങ്കാളിക്ക് അതൊരു ശല്യമായി തോന്നിയേക്കാം. അങ്ങനെയൊരു സംഭവം എന്റെ സുഹൃത്തായ ഒരു പോലീസ് ഓഫീസർ പറഞ്ഞത് ഞാനിപ്പോൾ ഓർക്കുന്നു.

അദ്ദേഹത്തിന്റെ സുപ്പീരിയറായ ഒരു ഉദ്യോഗസ്ഥന്റെ മകളുടെ വിവാഹം കഴിഞ്ഞ് ആദ്യരാത്രി അദ്ദേഹത്തിന്റെ നഗരത്തിൽ തന്നെയുള്ള നാലഞ്ച് കിലോമീറ്റർ ദൂരെയുള്ള ഒരു ഫ്ളാറ്റ് വധൂവരന്മാർക്കായി വാടകയ്ക്കെടുത്തു.

വിവാഹ രാത്രിയിൽ അവരെ ഫ്ളാറ്റിൽ എത്തിച്ചശേഷം കുടുംബാംഗങ്ങൾ വീട്ടിലേയ്ക്ക് മടങ്ങി. പിറ്റേദിവസം രാവിലെ ഏഴു മണി ആയപ്പോൾ ഫ്ളാറ്റിൽ ചായയും ബിസ്ക്കറ്റും കൂട്ടത്തിൽ ഓംലറ്റും തയ്യാറാക്കി ഫ്ളാറ്റിൽ ചെന്ന് കോളിംഗ് ബെൽ അടിച്ചപ്പോൾ വളരെ അസ്വസ്ഥതയോടെ മകളുടെ ഭർത്താവ് വന്ന് വാതിൽ തുറന്നു നോക്കിയപ്പോൾ ഭാര്യയുടെ അച്ചനും അമ്മയും നിൽക്കുന്നു. അത്ഭുതത്തോടെ ചോദിച്ചു; "എന്താ ഇത്ര രാവിലെ"?

"അതെ മോനെ, നിങ്ങൾക്കുള്ള ചായയും ബിസ്ക്കറ്റും ഓംലറ്റുമാണ് ഇത്. ബ്രേക്ക് ഫാസ്റ്റ് ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ കുളിച്ച് റഡിയായി വീട്ടിലേക്കു പോരുക".

ആ മരുമകൻ തന്റെ വികാരങ്ങൾ നിയന്ത്രിച്ചുകൊണ്ട് ആത്മസംയമനത്തോടെ പറഞ്ഞു; "ചായവയ്ക്കാനും ഓംലറ്റുണ്ടാക്കാനും ഞങ്ങൾക്ക് രണ്ടുപേർക്കും അറിയാം. ഈ ഫ്ളാറ്റിൽ അതിനുള്ള സൗകര്യമുണ്ട്. ഞങ്ങളുടെ ആദ്യരാത്രിയാണ് കഴിഞ്ഞത്. ഞങ്ങളുടെ ജീവിതത്തിൽ അനേക കാര്യങ്ങൾ ചെയ്യാനുണ്ട്. ഞങ്ങൾക്കെന്നും നിങ്ങളുടെ പിൻതുണ കിട്ടിയെന്ന് വരികില്ല. ഞങ്ങൾ സ്വയം ജീവിക്കാൻ പഠിക്കട്ടെ. ഇത്രയും ചെറിയ കാര്യങ്ങൾ പോലും മകളെക്കൊണ്ട് ചെയ്യിക്കാതിരുന്നാൽ അവൾ മുന്നോട്ട് എങ്ങനെ ജീവിക്കും. അതിനാൽ ദയവായി ഇനിയും ഞങ്ങളുടെ സ്വകാര്യതയ്ക്ക് തടസ്സം നിർത്തരുത്. നിങ്ങളുടെ സ്നേഹവും കരുതലും നല്ലതുതന്നെ. പക്ഷെ അധികമായാൽ ഞങ്ങളുടെ ജീവിതം ശരിയായ ദിശയിൽ സഞ്ചരിക്കില്ല"

പോലീസിലെ ഒരു ഉന്നതാധികാരിയായിരുന്ന അദ്ദേഹത്തിന്റെ പേരന്റിംഗ് ശൈലിയുടെ കുഴപ്പമായിരുന്നു അത്. വിവേകിയായ മരുമകൻ ആ വിഷയം നന്നായി കൈകാര്യം ചെയ്തു. മുൻകോപിയോ എടുത്തുചാട്ടക്കാരനോ ആയിരുന്നെങ്കിൽ ആ വിഷയം ഒരു പക്ഷെ ഇങ്ങനെയായിരിക്കില്ല കൈകാര്യം ചെയ്യുന്നത്. മക്കളോടുള്ള അമിതമായ സ്നേഹം കൊണ്ട് ചെയ്ത നല്ലകാര്യം ദോഷത്തിനായി ഭവിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇവിടെ തടഞ്ഞില്ലായിരുന്നെങ്കിൽ അവരുടെ കുടുംബ ജീവിതത്തിൽ ഈ മാതാപിതാക്കൾ അവർക്കൊരു ശല്യമായിത്തീർന്നേനേ.

കുട്ടികളുടെ സ്വന്തവസ്ത്രങ്ങളും അവർക്ക് ആവശ്യമായിരിക്കുന്ന ഉപകരണങ്ങൾപോലും തെരഞ്ഞെടുക്കുന്നതും വാങ്ങുന്നതും ചില മാതാപിതാക്കൾ ശീലമാക്കിയിരിക്കയാണ്. എവിടെയെങ്കിലും ഒരു പ്രോഗ്രാമിനു പോകുമ്പോൾ മാതാപിതാക്കൽ പറയും ഏത് ഡ്രസ്സ് ധരിക്കണമെന്ന്. കാരണം അവൻ/അവൾ കൊച്ചുകുട്ടിയല്ലെ. അവരുടെ മാനസ്സിക വളർച്ച മുരടിക്കുന്നതിനും നിർണ്ണായക സന്ദർഭങ്ങളിൽ തീരുമാനമെടുക്കാതിരിക്കുന്നതിനും ഈ പേരന്റിംഗ് ശൈലി കാരണമായേക്കാം.

എന്ത് വിഷയമുണ്ടായാലും മക്കൾ ശക്തമായ നിലപാടെടുക്കുന്നതിന് അവരെ സഹായിക്കണം. കരുത്തുറ്റ മനസ്സ് ജീവിതാനുഭവങ്ങളിലൂടെയാണ് മക്കൾ സ്വായത്തമാക്കുന്നത്. ജീവിതത്തിലെ പരുക്കൻ യാഥാർത്ഥ്യങ്ങളുടെ മുൻപിൽ കുട്ടികൾ തളർന്നു പോകുവാനിടയാകരുത്. പ്രതിസന്ധികളും പ്രതികൂലതകളും അഭിമുഖീകരിക്കുവാനുള്ള പക്വത കുട്ടികൾ നേടണം. പ്രയാസങ്ങളെ അതിജീവിക്കാനുള്ള മാനസ്സിക ധൈര്യം ഉണ്ടെങ്കിൽ മാത്രമെ ജീവിത വിജയം കൈവരിക്കുവാൻ കഴിയൂ. ദൈവം തന്ന മക്കളെ ദൈവം സംരക്ഷിച്ചു കൊള്ളുമെന്ന ശക്തമായ ബോധ്യം നമുക്കുണ്ടായാൽ അനാവശ്യമായ ഭയവും ആശങ്കയും നമ്മിൽ നിന്നും നീങ്ങിപ്പോകും.

(തുടരും)

## വൈദിക പട്ടം സ്വീകരിച്ചു



തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വാലുപറമ്പിൽ പരേതനായ വി.എ. ഏബ്രഹാമിന്റെയും അന്നമ്മ ഏബ്രഹാമിന്റെയും മകൻ **ഡീക്കൻ റിജു ഏബ്രഹാം** 14-09-2021 ചൊവ്വാഴ്ച തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെയും കല്ലിശ്ശേരി, മലബാർ മേഖലാ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെയും തൃക്കരങ്ങളാൽ പട്ടം സ്വീകരിച്ചു. പുനലൂർ കോന്തിയാപറമ്പിൽ പി. റ്റി. തോമസിന്റെയും ബിജി തോമസിന്റെയും മകൾ ആൻസി തോമസ് ആണ് സഹധർമ്മിണി.

# മലങ്കരയുടെ മഹാപരിശുദ്ധൻ

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

**ആമുഖം**

ത്യാഗോജ്ജ്വലമായ ക്രൈസ്തവ പൗരോഹിത്യ ജീവിതം നയിച്ച് വിശുദ്ധിയുടെ പരിമളം ലോകം മുഴുവൻ വീശി ഇന്നും ഒളിമങ്ങാത്ത പ്രഭയായി വിശ്വാസികളുടെ ഹൃദയങ്ങളിൽ വിരാജിക്കുന്ന മഹാപരിശുദ്ധനാണ് ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് അഥവാ പരുമല കൊച്ചു തിരുമേനി. ആ പുണ്യപിതാവിനെ അറിയാത്ത മക്കൾ മലങ്കരയിൽ ഇല്ല, ഏതൊരു പ്രതിസന്ധിഘട്ടങ്ങളിലും വിശ്വാസ സമൂഹം ഓടിച്ചെന്ന് ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുമ്പോൾ അവരുടെ ജീവിതത്തിലെ അനേകം പ്രശ്നങ്ങൾക്ക് അതോടെ തിരശ്ശീല വീഴുകയായി. മലങ്കരമക്കൾ ഇത്രമാത്രം നെഞ്ചിലേറ്റി സ്നേഹിക്കുന്ന മറ്റൊരു പിതാവ് മലങ്കരയിൽ ഇല്ല എന്നത് വലിയൊരു യാഥാർത്ഥ്യമാണ്.

**പരുമല തിരുമേനിയുടെ പരിമളം പരത്തിയ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം**

**1) പ്രാർത്ഥനാ മനുഷ്യൻ**

പൗരോഹിത്യ ഗണത്തിലുള്ളവർ എപ്രകാരം പ്രാർത്ഥനയിൽ തീക്ഷ്ണതയുള്ളവർ ആകണമെന്നുള്ളതിനു ഉദാത്ത മാതൃകയായിരുന്നു തിരുമേനി. അതിരാവിലെ മൂന്ന് മണിക്കുണർന്ന് ദീർഘനേരം അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. പരിശുദ്ധ സഭയുടെ ഏഴ് യാമ പ്രാർത്ഥനകളും അദ്ദേഹം ചിട്ടയോടെ അനുഷ്ഠിക്കുമായിരുന്നു. കുടുംബങ്ങളിലും, സഭയിലും പ്രാർത്ഥനാ രീതികൾക്ക് ചിട്ടയായ ഒരു അടിസ്ഥാനം രൂപപ്പെടുത്തിയത് അദ്ദേഹത്തിന്റെ കാലത്താണ്. കുടുംബപ്രാർത്ഥനയ്ക്കുള്ള പ്രാർത്ഥനാ പുസ്തകങ്ങൾ അദ്ദേഹം രൂപപ്പെടുത്തി എന്നു മാത്രമല്ല പ്രാർത്ഥനകൾക്ക് ഉത്തരമുണ്ടെന്ന് പുണ്യപിതാവ് തെളിയിച്ചു. അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽപോലും നോമ്പിലും, ഉപവാസത്തിലും, പ്രാർത്ഥനാ ചിട്ടകൾക്കും അദ്ദേഹം കുറവു വരുത്തിയില്ല. രോഗാവസ്ഥയിൽ താപസചര്യകൾക്കു അല്പം കുറവു വരുത്തുവാൻ വൈദ്യന്മാർ നിർദ്ദേശിക്കുമ്പോൾ "പ്രാർത്ഥനയാലും ഉപവാസത്താലും മാത്രമേ സാത്താന്റെ സാമ്രാജ്യം നശിച്ചുപോകൂ" എന്ന് അവരോട് പറയുമായിരുന്നു. പൗരോഹിത്യ ഗണത്തിലുള്ളവരും, വിശ്വാസ സമൂഹവും എത്രമാത്രം പ്രാർത്ഥനയുള്ളവരാകണമെന്ന് പരിശുദ്ധ പിതാവ് തന്റെ ജീവിതത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

**2) അത്ഭുതങ്ങളുടെ കലവറക്കാരൻ**

കേരളത്തിലെ മുൻ പോലീസ് മേധാവിയായിരുന്ന ശ്രീ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് (I.P.S.) തന്റെ പ്രസംഗ മദ്ധ്യത്തിൽ അമേരിക്കയിൽ ന്യൂജേഴ്സിലെ ഒരു സുറിയാനിപ്പള്ളിയിൽ പരുമല തിരുമേനിയുടേതായി നടന്ന ഒരു അത്ഭുത പ്രവർത്തനത്തെക്കുറിച്ച് പങ്കുവെക്കുകയുണ്ടായി, അതു ഇപ്രകാരമാക്കിരുന്നു. കറുത്തവർഗ്ഗക്കാരായ ഏതാനും മോഷ്ടാക്കൾ പള്ളിക്കുള്ളിൽ മോഷണത്തിനായി പ്രവേശിച്ചു. എന്നാൽ അധിക സമയമാകുന്നതിനു മുമ്പേ അവർ ഒരു ദൃശ്യം കാണുകയുണ്ടായി. പരുമല തിരുമേനിയുടെ ഒരു വലിയ ഛായാചിത്രത്തിലെ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും 'തീജ്വാലകൾ' അവർക്കു നേരെ വരുന്നു. അവർ ഭയപ്പെട്ട് ആ വലിയ ഫോട്ടോ ഭിത്തിയോട് ചേർത്ത് പുറം തിരിച്ചുവെച്ച് ഓടി രക്ഷപ്പെട്ടു. അധികം താമസിക്കാതെ ഇവർ അമേരിക്കൻ പോലീസിന്റെ പിടിയിലാവുകയും പോലീസ് അധികാരികൾ ഈ അത്ഭുത പ്രവർത്തനം മനസ്സിലാക്കുകയും കേരളത്തിൽ നിന്നുള്ള ഒരു വിശുദ്ധനാണെന്ന് മനസ്സിലാക്കി ആ പോലീസ് അധികാരികൾ കേരളത്തിൽവന്ന് ഈ പുണ്യപിതാവിനെക്കുറിച്ച് കൂടുതൽ പഠിക്കുകയും അദ്ദേഹത്തിന്റെ കബറിൽവന്ന് പ്രാർത്ഥിക്കുകയും ചെയ്തു. പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയുടെ ശക്തി ലോകം മുഴുവനുമുണ്ടെന്നുള്ളത് ഈ സംഭവത്തിലൂടെ വെളിപ്പെടുകയാണ്. കർത്താവിന്റെ അപ്പോസ്തോലന്മാരിൽ ഒരുവനും, കർത്താവിന്റെ സഹോദരനുമായിരുന്ന വി. യുദാസ് ശ്ലീഹായെ അസാധ്യകാര്യങ്ങളുടെ മധ്യസ്ഥൻ എന്നാണ് വിളിക്കാറുള്ളത്. മലങ്കരയുടെ മക്കൾ ഈ പുണ്യപിതാവിനെയും അപ്രകാരമാണ് കാണുന്നത്. എത്രയേറെ പ്രതിസന്ധിയുള്ള കാര്യങ്ങളും മനുഷ്യർക്ക് അസാധ്യവുമായ കാര്യങ്ങളും ഈ പരിശുദ്ധ പിതാവിന്റെ വലിയ മദ്ധ്യസ്ഥതയാൽ എളുപ്പമായി മാറുന്നു.

ഒരു കാലത്ത് വസൂരിപോലുള്ള രോഗങ്ങൾമൂലം നിരണം-തുമ്പമൺ പ്രദേശങ്ങളിലെ ജനങ്ങൾ വലിയ ദുരിതത്തിൽ ആയപ്പോൾ അനേകം പേർ മരണത്തിന് കീഴടങ്ങിയപ്പോൾ ഈ പുണ്യപിതാവിന്റെ പ്രാർത്ഥനയാണ് മാരകമായ സാംക്രമിക രോഗങ്ങൾ ആ ദേശങ്ങളിൽ നിന്നും വിട്ടുമാറുവാൻ കാരണമായത്. അദ്ദേഹം ഈ രോഗങ്ങളെ ഒന്നും ഭയപ്പെടാതെ ക്രൈസ്തവ ഭവനങ്ങൾ മാത്രമല്ല ആ പ്രദേശങ്ങളിലുള്ള എല്ലാം ഭവനങ്ങളിലും ചെന്ന് പ്രാർത്ഥിക്കുമായിരുന്നു. തന്മൂലം ആ ദേശങ്ങളിൽനിന്നും പലവിധ പീഡകൾ വിട്ടുമാറിപ്പോയി.

**3) തീക്ഷ്ണമതിയായ സന്ന്യാസി**

മലങ്കരയിൽ ക്രൈസ്തവ സന്ന്യാസത്തിന് ശക്തി പകർന്ന പിതാവാണ് പരുമല തിരുമേനി, അദ്ദേഹത്തിന്റെ മാതൃക മരുഭൂമിയിലെ പിതാവ് എന്നറിയപ്പെടുന്ന മാർ അന്തോണിയോസ് ആയിരുന്നു. അദ്ദേഹത്തിന്റെ പൗരസ്ത്യ സന്ന്യാസത്തിന്റെ ശൈലി മലങ്കരയിൽ അവതരിപ്പിക്കാൻ തിരുമേനി ശ്രമിച്ചു; അത് ഏറെക്കുറെ വിജയിക്കുകയും ചെയ്തു. ധാരാളം സന്ന്യാസ പുരോഹിതരെ അതിലൂടെ രൂപപ്പെടുത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. ക്രൈസ്തവ അപ്പോസ്തോലിക സഭകളുടെ പ്രത്യേകിച്ച് സുറിയാനി സഭയുടെ ശക്തിയുടെ ഉറവിടം (ആത്മീയ ശക്തിസ്രോതസ്സ്) ദയറാകളും, സന്ന്യാസ ആശ്രമങ്ങളും ആകുന്നു എന്ന തിരിച്ചറിവ് പരിശുദ്ധ പിതാവിലൂടെ നമുക്ക് ലഭിക്കുന്നു.

**4) അന്ത്യോക്യ സിംഹാസനത്തിന്റെ ശക്തനായ കാവൽ പോരാളി**

വളരെ ചെറുപ്രായത്തിൽ തന്നെ മെത്രാപ്പോലീത്തയായി അദ്ദേഹം ഉയർത്തപ്പെട്ടു. അദ്ദേഹം ഒരു കൊച്ചു വൈദികനായിരുന്നപ്പോൾ തന്നെ അദ്ദേഹത്തിന്റെ ആത്മീയതയും പ്രവർത്തനങ്ങളും കണ്ട് പരിശുദ്ധ പാത്രിയർക്കീസ്ബാവ പോലും അത്ഭുതപ്പെട്ടു. തന്മൂലം നന്നേ ചെറുപ്രായത്തിൽ അദ്ദേഹത്തെ മേല്പ്പട്ടക്കാരനായി പരിശുദ്ധ സിംഹാസനം ഉയർത്തി. തന്റെ മരണംവരെ പരിശുദ്ധ സിംഹാസനത്തോട് വിധേയപ്പെട്ട് അനുസരിച്ച് അദ്ദേഹം ജീവിച്ചു, തന്റെ എഴുത്തുകളിലും പ്രസംഗങ്ങളിലും ഒക്കെ പരിശുദ്ധ സിംഹാസ

നത്തോടുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത നിറഞ്ഞുനിന്നു. അദ്ദേഹം നാല് ഭാഷകളോളം കൈകാര്യം ചെയ്തിരുന്നു, ബാവമാരുടെ ദിഭാഷിയായി അദ്ദേഹം പ്രവർത്തിച്ചു.

**5) ആടുകളുടെ യഥാർത്ഥ ഇടയൻ**

ആ കാലത്ത് നൂറിൽപരം ഇടവക പള്ളികളുടെ മെത്രാപ്പോലീത്തയായിരുന്നു അദ്ദേഹം. അപ്പോഴും ഓരോ ഇടവകക്കാരെയും അതാതു പള്ളികളിലെ വികാരി അച്ചന്മാരെക്കാളും നന്നായി പരിശുദ്ധ പിതാവിനറിയാമായിരുന്നു എന്നുള്ളത് ആരെയും വിസ്മയിപ്പിക്കും. ഓരോ പള്ളിയിലേയും ചെറിയ കാര്യങ്ങൾപോലും പിതാവ് നന്നായി ശ്രദ്ധിച്ചിരുന്നു എന്നുള്ളത് അദ്ദേഹം എഴുതിയ കത്തുകളിൽനിന്നും മനസ്സിലാക്കാൻ സാധിക്കും.

**6) വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നല്കി**

ആ കാലഘട്ടങ്ങളിൽ ഒട്ടുമിക്ക കുടുംബങ്ങളിലും ദാരിദ്ര്യം അതിന്റെ പൂർണ്ണതയിൽ നടമാടിയിരുന്ന കാലങ്ങളായിരുന്നു വിദ്യാലയങ്ങളിൽ പോകണമെങ്കിൽ ഭീമമായ തുക നൽകേണ്ട കാലംകൂടെയായിരുന്നു അത്. ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും അത് താങ്ങാനുള്ളശേഷി ഇല്ലായിരുന്നു. ഇതു മനസ്സിലാക്കിയ തിരുമേനി വിദ്യാലയങ്ങൾ ആരംഭിച്ചു അനേകം തലമുറകൾക്ക് വെളിച്ചം നൽകുവാൻ മുന്നിട്ടിറങ്ങി.

**ഉപസംഹാരം**

പരിശുദ്ധ പിതാവിനോട് എക്കാലവും ആഴമേറിയ സ്നേഹബന്ധം സൂക്ഷിക്കുന്നവരാണ് ക്നാനായക്കാർ. അതിനേറ്റവും വലിയ തെളിവാണ് പുണ്യപിതാവിന്റെ നാമത്തിൽ നമ്മൾ സ്ഥാപിച്ചിട്ടുള്ള പള്ളികളും, കുരിശുംതൊട്ടികളും ഒക്കെ തന്നെ ബഹുഭൂരിപക്ഷം ക്നാനായപ്പള്ളികളിലും ഒരു ത്രോണോസ് എങ്കിലും ഈ പുണ്യ പിതാവിന്റെ നാമത്തിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നു കാണുമ്പോൾ ഈ സമൂഹത്തിന് പുണ്യപിതാവുമായുള്ള അഭേദ്യമായ ബന്ധം എത്രമാത്രം ശക്തമാണെന്ന് മനസ്സിലാക്കാൻ പറ്റും. പരിശുദ്ധപിതാവ് ആത്മീയരംഗത്തു മാത്രമല്ല തന്റെ ഊർസ്ലേം (ജറുശലേം) യാത്രാ വിവരണ രചനയിലൂടെ മലയാള സാഹിത്യത്തിനുതന്നെ മികച്ച സംഭാവന നൽകി. തന്റെ കീഴിലുള്ള ഇടവകകളിൽ പാരമ്പര്യ ക്രിസ്ത്യാനികളുടെ കൂടെ തന്നെ പുതു ക്രിസ്ത്യാനികൾക്ക് സെമിത്തേരികളിൽ അവകാശം സ്ഥാപിച്ചു നൽകിയതിലൂടെ വലിയൊരു നവോത്ഥാനത്തിന് തിരുമേനി തുടക്കം കുറിച്ചു.

1848 ൽ ജനിച്ച ഈ പിതാവ് 1902 നവംബർ രണ്ടാം തീയതി കാലം ചെയ്തു ഇന്ന് നമ്മുക്കായി മദ്ധ്യസ്ഥതയണയ്ക്കുന്നു. പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത എപ്പോഴും വിശ്വാസ സമൂഹത്തിന് വെളിച്ചമായി മാറട്ടെ. ●

# ജീവിതത്തിൽ മറക്കാനാവാത്ത സാക്ഷ്യം (കോവിഡ് കാലം)

റിനു ഏബ്രഹാം, കുരിച്ചിറ്റയിൽ, പടിഞ്ഞാറ്റോതറ

“ജീവിതത്തിലെ മറക്കാനാവാത്ത കോവിഡ് കാലം”. 2020 എന്നു പറയുമ്പോൾ ജീവിതത്തിൽ ഒരു ഭീതിയുടെ വർഷമാണ്. ജനുവരി മാസം അവസാന ആഴ്ച ഒരു Short term ജോലിക്കു വേണ്ടി പ്രവാസ ജീവിതത്തിലേയ്ക്ക് ചെന്നു. ആദ്യദിനങ്ങൾ ഒന്നും തന്നെ കുഴപ്പങ്ങൾ ഇല്ലായിരുന്നു. പിന്നെപ്പിന്നെ കൊറോണ (കോവിഡ് -19) യെക്കുറിച്ച് അറിയുവാൻ തുടങ്ങി. ആദ്യമൊന്നും ഇതൊന്നും കാര്യമാക്കിയില്ല. പിന്നെ മാധ്യമങ്ങളിൽ കൂടെ കേട്ടപ്പോൾ സ്ഥിതി വഷളാകാൻ തുടങ്ങി. ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ തുടരണ്ട എന്നും എല്ലാവരും കമ്പനി താമസ സൗകര്യങ്ങളിൽ കഴിയണമെന്നും നിർദ്ദേശങ്ങൾ വന്നു. മാർച്ച് 22-ന് Air port അടച്ചു. അടിക്കടി ഗൾഫ് മേഖലകളിൽ മരണങ്ങൾ സ്ഥിരീകരിക്കുവാൻ തുടങ്ങി. മനസ്സിൽ ഭീതിയുമായി നിൽക്കുവാണ്. ആ സമയങ്ങളിലാണ് ദൈവത്തെ കൂടുതൽ രുചിച്ചറിവാനുള്ള അവസരങ്ങൾ ദൈവം ഒരുക്കുന്നത്. കാരണം രാത്രികാലങ്ങളിൽ ഉറക്കമില്ല. അടുത്ത് താമസിക്കുന്നവർക്കൊക്കെ ഒന്നേ പറയാനുള്ളൂ. ജീവിതം ഇവിടംകൊണ്ടവസാനിച്ചു. കാരണം ഗൾഫിൽ മരിക്കുന്നവർക്കൊക്കെ അവിടെ തന്നെ അന്ത്യവിശ്രമവും. രാത്രിയുടെ യാമങ്ങളിൽ ആരുമറിയാതെ ദൈവസന്നിധിയിൽ കരയാനും പ്രാർത്ഥിക്കുവാനും തുടങ്ങി. ഉറക്കം വരാത്തതുകൊണ്ട് പ്രഷർ കൂടുവാൻ തുടങ്ങി. പൗലോസും ശിലാസും കാരാഗ്രഹത്തിൽ ഇരുന്ന് പ്രാർത്ഥിച്ചപ്പോൾ അവരെ വിടുവിച്ച ദൈവം ഞങ്ങളെയും വിടുവിക്കണമെന്ന് കണ്ണുനീരോടെ പ്രാർത്ഥിച്ചു. അതു കൂടാതെ ദൈവദാസന്മാരായ കുറെ കൂട്ടുകാരെ വിളിച്ചു പ്രാർത്ഥിക്കണം എന്നു പറഞ്ഞു. പൗലോസ് 276 യാത്രക്കാരുമായി കപ്പൽയാത്ര ചെയ്തു. സമുദ്രമദ്ധ്യേ കപ്പൽ തകർന്നെങ്കിലും പൗലോസ് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ വിടുവിച്ച ദൈവം എന്നെയും വിടുവിക്കണം എന്നു പ്രാർത്ഥിച്ചു. ഏതായാലും മെയ് 16-ാം തീയതി വന്ദേ ഭാരതയുടെ സർവ്വീസ് മുഖ്യമന്ത്രി ആവശ്യപ്പെട്ട പ്രകാരം കേരളത്തിലോട്ട് സർവ്വീസ് ആരംഭിച്ചു. ദൈവത്തിന്റെ കൃപയാൽ കണ്ണുനീരിന് മറികടക്കാത്ത ദൈവം മെയ് 18-ന് രണ്ടാം സർവ്വീസിൽ എന്നെക്കാൾ യോഗ്യതയുള്ളവരുടെ മുൻപിൽ എന്നെ മാനിച്ചു. അനേകം പേർ മന്ത്രിതലത്തിലും രാഷ്ട്രീയ തലത്തിലും ശുപാർശയിൽ യാത്ര ചെയ്യുമ്പോൾ 18-ന് എനിക്കും ഒരു സീറ്റ് ദൈവം ഒരുക്കിവച്ചു. വചനത്തിൽ വായിക്കുന്നു “യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമാക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ”. ഒരു പക്ഷെ ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. എന്റെ ദൈവം എത്ര കരുണയുള്ളവനാണ് 50 ദിവസം പുറത്തോട്ടുപോലും ഇറങ്ങാതെ അവിടെ ഇരുന്നെങ്കിൽ എന്റെ സ്ഥിതി എന്തായി തീർന്നെനെ. “കണ്ണുനീരോടെ വിതച്ചാൽ ആർപ്പോടെ കൊയ്യാം” എന്നും ദൈവസന്നിധിയിൽ നന്ദിയുള്ളവനായി തീരുവാനും ഒരു സാക്ഷിയായി തീരുവാനും ദൈവം കൃപ തന്നതിനാൽ നന്ദി പറയുന്നു. നാട്ടിൽ വന്ന് കോവിഡ് ബാധിച്ചു എങ്കിലും അതൊക്കെയും തക്ക സമയത്തു സൗഖ്യം തന്നു. ആ ഭീതിയെ മാറ്റി തന്നതിനാൽ സ്തോത്രം ചെയ്യുന്നു. ●

# പ്രളയവും പരിസ്ഥിതിയും

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

പ്രളയവും ഉരുൾപൊട്ടലും ഒരു പ്രേതബാധപോലെ നമ്മുടെ കൊച്ചു കേരളത്തെ വേട്ടയാടുകയാണ്. അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കവും അനന്തര ഫലമായുണ്ടാകുന്ന വൻ ദുരന്തങ്ങളും നമ്മുടെ സാമൂഹ്യ ഗാത്രത്തിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളും വിവരണാതീതമാണ്. ഇൻഡ്യാ ഭൂപടം നോക്കിയാൽ അങ്ങോളമിങ്ങോളം വലക്കണ്ണികൾപോലെ വ്യാപിച്ചു കിടക്കുന്ന വൻനദികളും അവയുടെ അസംഖ്യം ശാഖോപശാഖകളും കാണാം. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺകാലത്ത് വടക്കേ ഇൻഡ്യയിലെ നദികളിലും നല്ല മഴയും വെള്ളപ്പൊക്കവും ഉണ്ടാകുന്നു. മൺസൂൺ മഴയുടെ സ്വഭാവം പ്രവചനാതീതമായതുകൊണ്ട് വരൾച്ച ബാധിത പ്രദേശങ്ങളിലും അപ്രതീക്ഷിതമായി മഴ പെയ്തു വെള്ളപ്പൊക്കം മൂലം വർഷംതോറും ദശകോടിക്കണക്കിനു രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. നൂറു കണക്കിനു പേർക്കു ജീവഹാനിയും സംഭവിക്കുന്നു. ശാസ്ത്രം ഇത്ര പുരോഗമിച്ചിട്ടും പ്രളയം മൂലമുള്ള പ്രകൃതി ദുരന്തങ്ങളുടെ നിവാരണത്തിന് അതു ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല. തൽഫലമായി ദുരന്തബാധിത സംസ്ഥാനങ്ങളിൽ ഇത്തരം ദുരന്തങ്ങൾ വർഷാ വർഷം ആവർത്തിക്കുന്നു. ഏക്കർ കണക്കിനു നെൽകൃഷിയാണ് വെള്ളം കയറി നശിക്കുന്നത്. പതിനായിരക്കണക്കിനാളുകൾ ഭവന രഹിതരായി ദുരിതാശ്വാസ ക്യാമ്പുകളിൽ മാസങ്ങളോളം കഴിയേണ്ടി വരുന്നു. ആയിരക്കണക്കിനു കന്നുകാലികളാണ് പ്രളയത്തിൽ ചത്തൊടുങ്ങുന്നത്. വൻതോതിൽ കരയിടിച്ചിലും മണ്ണൊലിപ്പുമുണ്ടായി കൃഷിഭൂമി നശിക്കുന്നു. വെള്ളപ്പൊക്കത്തെ തുടർന്ന് പലപ്പോഴും പട്ടിണിയും പകർച്ച വ്യാധിയും പൊട്ടിപ്പുറപ്പെടാറുണ്ട്. പ്രളയങ്ങൾ നദിയുടെ ഗതി ചിലപ്പോൾ മാറ്റുന്നതിനാൽ ലക്ഷക്കണക്കിനു ഏക്കർ കൃഷിഭൂമിയും പാർപ്പിട സ്ഥാനങ്ങളും പുൽമേടുകളുമാണ് പുഴകയറി നഷ്ടപ്പെടുന്നത്. ജീവദായികളായ പുഴകൾ മരണദൂതികളായി മാറി മരണവും നാശവും വിതയ്ക്കുകയാണ്. ഹിമാലയൻ നദികളായ ഗംഗ, യമുന, ബ്രഹ്മപുത്ര എന്നിവയുടെ പ്രഭവ സ്ഥാനം മഞ്ഞടിഞ്ഞു കിടക്കുന്നതിനാൽ പ്രസ്തുത മഞ്ഞുരുകി വേനൽക്കാലത്തും ഈ നദികളിൽ അപ്രതീക്ഷിതമായ വെള്ളപ്പൊക്കം ഉണ്ടാകാം. തെക്കേ ഇൻഡ്യൻ നദികളായ കാവേരി, കൃഷ്ണ, നർമ്മദ, ഗോദാവരി, കേരളത്തിലെ ഭാരതപ്പുഴ, പെരിയാർ, മീനച്ചിൽ മണിമല, പമ്പ, അച്ചൻകോവിൽ തുടങ്ങിയവയിലും മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നു. തീരങ്ങൾ തകർത്തും അണക്കെട്ടുകൾ കവിഞ്ഞും പലപ്പോഴും താണ്ഡവ നൃത്തമാടുന്നു. പ്രകൃതി ദുരന്തങ്ങളിൽ കൂടുതൽ കഷ്ടത അനുഭവിക്കുന്നത് പലപ്പോഴും സമൂഹത്തിലെ ദുർബല വിഭാഗങ്ങളാണ്. എങ്കിലും പ്രളയത്തിനു ദരിദ്രനെന്നോ സമ്പന്നനെന്നോ വേർതിരിവില്ല. വിളകൾ, കന്നുകാലികൾ, ജനങ്ങൾ, ഗ്രാമങ്ങൾ, പട്ടണങ്ങൾ, പാലങ്ങൾ, തീവണ്ടിപ്പാളങ്ങൾ, റോഡുകൾ, വൈദ്യുത വാർത്താവിനിമയ മാർഗ്ഗങ്ങൾ തുടങ്ങിയ എല്ലാം താറുമാറാകുന്നു. ദുരിതബാധിത പ്രദേശത്തെയാകെ ഇരുട്ടിലാക്കിക്കൊണ്ട് വൈദ്യുതിയും നിലയ്ക്കും. മഴക്കെടുതിയും വെള്ളപ്പൊക്കവും മൂലമുള്ള ഉൽപാദന നഷ്ടംകൂടി പരിഗണിക്കുമ്പോൾ എത്രയോ സഹസ്രകോടി നഷ്ടമാണ് രാജ്യത്തിനു സംഭവിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ ഇല്ലായിരുന്നുവെങ്കിൽ രാജ്യം കൂടുതൽ പുരോഗമിച്ചേനേ. കാരണം ഇൻഡ്യ ഒരു കാർഷിക രാജ്യവും ജനസംഖ്യയിൽ ഭൂരിപക്ഷവും നേരിട്ടോ അല്ലാതെയോ കാർഷികവൃത്തിയെ ആശ്രയിക്കുന്നവരുമാണ്.

വെള്ളപ്പൊക്കത്തിനു പല കാരണങ്ങളുണ്ട്. മനുഷ്യന്റെ ഭൂമിയിലുള്ള ചൂഷണവും ദുഷ് ചെയ്തികളും മൂലവും ഭൂമിയുടെ പരിസ്ഥിതി വ്യവസ്ഥയ്ക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മഴ, മഞ്ഞുരുകൽ ഇവക്കു പുറമെ വനനശീകരണം മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും കാരണമാകുന്നു. ഇന്ധനങ്ങളുടെ വകതിരിവില്ലാത്ത ഉപയോഗം കൽക്കരി, പെട്രോൾ, ഡീസൽ, മണ്ണെണ്ണ ഇവ കത്തുമ്പോൾ ഉണ്ടാകുന്ന കാർബൺ വാതകം ആഗോളതാപനം എന്ന പ്രതിഭാസത്തിനു കളമൊരുക്കുന്നു. ആഗോള താപനം വഴി ഭൂമിയുടെ താപനില അനിയന്ത്രിതമായി ഉയർന്ന് പ്രളയം വരൾച്ച കൊടുംകാറ്റ് തുടങ്ങിയ വൻ നാശനഷ്ടങ്ങൾ ഉടലെടുക്കുന്നു. വനങ്ങൾ നമ്മുടെ പരിസ്ഥിതിയുടെ അവിഭാജ്യ ഘടകമായിരുന്നു. പരിസ്ഥിതി സംരക്ഷണം അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നു. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയാണ് ഭൂമിയിൽ ജീവനെ നിലനിർത്തുന്നത്. നമ്മുടെ ആവാസവ്യവസ്ഥക്ക് കോട്ടമുണ്ടാക്കിക്കൊണ്ട് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് വലിയ ദുരന്തങ്ങൾ വിളിച്ചുവരുത്തുന്നതും ഇരിക്കുന്ന കമ്പ് മുറിക്കുന്നതിനും തുല്യമാണ്. ഓരോ ദുരന്തവും അതിനെ നേരിടാനുള്ള നമ്മുടെ ശേഷി അളക്കുന്ന പരീക്ഷകൂടിയാണെന്നു കേരളം ഇനിയും തിരിച്ചറിയണം. കാലാവസ്ഥ മുന്നറിയിപ്പു സംവിധാനങ്ങൾ കാലോചിതമായി നവീകരിച്ചും ദുരന്തനിവാരണ സമിതികൾ ശക്തിപ്പെടുത്തിയും തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയും നമുക്കു പ്രകൃതി ദുരിതങ്ങളുടെയും മിന്നൽ പ്രളയത്തിന്റെയും ആഘാതം കുറയ്ക്കാൻ സാധിക്കണം.

ജീവനും പരിസ്ഥിതിയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെയാണ് പരിസ്ഥിതി ഇല്ലെങ്കിൽ ജീവനില്ല. ഐക്യരാഷ്ട്ര സംഘടനയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ. പി.സി.സി.) യുടെ പഠന റിപ്പോർട്ട് കേരളത്തിനു ശക്തമായ മുന്നറിപ്പാണു നൽകുന്നത്. അടുത്ത 20 വർഷത്തിനുള്ളിൽ കാലാവസ്ഥ വ്യതിയാനം കേരളത്തിൽ വ്യാപക പ്രകൃതിക്ഷോഭത്തിനു വഴിയൊരുക്കാം. പ്രകൃതിയുടെ നാശം മുതൽ കാലാവസ്ഥാ പ്രവചനങ്ങളുടെയും ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെയും പാളിച്ചകൾവരെയുള്ള പല കാരണങ്ങൾ നമ്മെ ദുരന്തത്തിലേക്കു നയിക്കാം. ദുരന്തം വന്നാൽ രക്ഷാ പ്രവർത്തനം നടത്താം എന്ന നിലപാടിൽ നിന്നു മാറി ദുരന്തം വരാൻ ഇടയുള്ളതിനാൽ മുൻകൂട്ടി സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ ചെയ്യണം എന്നതിലേക്കു ചർച്ചകളും നടപടികളും മാറിയേ തീരൂ.




**റവ. ഫാ. ലിബിൻ ഏബ്രഹാം കന്നാകുഴിയിൽ**

### ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ 21-11-2021. (വി. ലൂക്കോസ് 1:26-38)

സക്കറിയ പുരോഹിതനോട് യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിനുശേഷം ഗബ്രിയേൽ മാലാഖ മുഖാന്തിരം വി. ദൈവമാതാവിനുണ്ടായ അറിയിപ്പിനെ ഈ ദിവസം സ്മരിക്കുന്നു. ദൈവദൂതൻ കന്യകമറിയാമിന്റെ അടുക്കൽ വന്ന് കൃപ നിറഞ്ഞവളെ, നിനക്കു സമാധാനം കർത്താവ് നിന്നോടുകൂടെ എന്ന് ആശംസിക്കുന്നു. ദൈവദൂതൻ മറിയാമിനു കൊടുത്ത ഈ ആശംസ പിൽക്കാലങ്ങളിൽ സകല ക്രൈസ്തവരും തങ്ങളുടെ പ്രാർത്ഥനയിൽ ആവർത്തിച്ചു ചൊല്ലി കന്യകമറിയാമിനെ പുകഴ്ത്തുന്നു. കന്യകമറിയാമിനോട് മാലാഖ 'കർത്താവ് നിന്നോട് കൂടെ' എന്ന് ആശംസിക്കുന്നു. ഇതിന് ദൈവം നിന്നിലേക്ക് കടന്നുവന്നു എന്ന അർത്ഥമാണുള്ളത്. ഗബ്രിയേൽ മാലാഖ തന്റെ ആശംസയിലൂടെ ജനിക്കുവാനിരിക്കുന്ന കുട്ടിയെ സംബന്ധിച്ച് പല സത്യങ്ങളും വെളിപ്പെടുത്തുന്നു. 'അവനെ യേശു എന്നു പേരു വിളിക്കണം. അവൻ മഹാനാകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും അവൻ യാക്കോബ് ഗൃഹത്തിന്മേൽ എന്നും രാജാവായിരിക്കും അവന്റെ രാജ്യത്വത്തിനു അവസാനം ഉണ്ടാവുകയും ഇല്ല'. കന്യക മറിയം അവൾക്ക് സ്വർഗ്ഗീയ ദൂത് കൈമാറിയ ദൂതനെ അവിശ്വസിച്ചില്ല. പകരം സ്വാഭാവികമായി തോന്നാവുന്ന ഒരു സംശയം പ്രകടിപ്പിച്ചു. അതിനു ദൈവദൂതൻ വിശദീകരണവും നൽകുന്നു. 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും! ദൈവത്തിനു എല്ലാം സാധ്യമാണ് എന്ന് മറിയാമിനെ ബോധ്യപ്പെടുത്താൻ വേണ്ടി എലിസബേത്ത് വാർദ്ധക്യത്തിൽ ഗർഭിണിയായ കാര്യം അടയാളമായി കാണിക്കുന്നു.

### ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായർ 28-11-2021. (വി. ലൂക്കോസ് 1:39-56)

യേശുവിന്റെ ജനനത്തിനു മുന്നോടിയായുള്ള അഞ്ചു വ്യത്യസ്ത സംഭവങ്ങളെ കോർത്തിണക്കി അവന്റെ രക്ഷാകരമായ ജനനത്തിലേക്ക് അടുത്തുവരുമ്പോൾ ഇന്നു നാം ചിന്തിക്കുന്നത് രണ്ടു സ്ത്രീ രത്നങ്ങളുടെ കണ്ടുമുട്ടലുകളാണ്. ഒന്നാമത്തേത് ലോകത്തിലെ സകല ജാതികളുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനുംവേണ്ടി അവതരിച്ച ക്രിസ്തുവിന്റെ മാതാവായ മറിയം എങ്കിൽ രണ്ടാമത്തേത് സ്ത്രീകളിൽനിന്നും ജനിച്ചവരിൽ ഏറ്റവും ശ്രേഷ്ഠൻ എന്ന് യേശുക്രിസ്തുവിനാൽ സാക്ഷീകരിക്കപ്പെട്ട യോഹന്നാന്റെ മാതാവായ ഏലിശ്ബാ. രണ്ടുപേരും തങ്ങളുടെ ഉദരത്തിൽ ശിശുക്കളെ വഹിക്കുന്നു എങ്കിലും രണ്ടുപേരും വ്യത്യസ്ത സാഹചര്യങ്ങളിലൂടെയാണ് കടന്നു വരുന്നത് കാരണം ഇവർ രണ്ടുപേരും അസാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒരാൾ തന്റെ വാർദ്ധക്യത്തിന്റെ പടുകുഴിയിലേക്ക് കടന്നു ചെന്ന എലിസബേത്തും മറ്റേയാൾ കൗമാര ദശയിലേക്കു പോലും കടന്നുവരാത്ത കന്യമറിയാമും. ഇവിടെ നമുക്കു ലഭിക്കുന്ന ഒരു സന്ദേശമുണ്ട്. അസാധ്യമായ എന്തിനേയും സാധ്യമാക്കുന്ന ഒരു ദൈവം നമുക്കുണ്ട്. ആ ദൈവം ഇവർ രണ്ടുപേരുടേയും ജീവിതത്തിൽ പ്രവർത്തിക്കുന്നതായും നമുക്കു കാണാം. മറിയാം ഗബ്രിയേലിൽനിന്ന് സന്തോഷ വാർത്ത അറിഞ്ഞ് ഏലീശ്ബായുടെ അടുക്കലേക്ക് ബദ്ധപ്പെട്ടു ചെന്നു. തനിക്കു ലഭിച്ച സന്തോഷം ഏലിസബേത്തിനെ അറിയിക്കാനും ഏലിസബേത്തിന്റെ സന്തോഷത്തിൽ പങ്കാളിയാകാനും. ഇരുവരും ദൈവ സന്നിധിയിൽ നീതിയുള്ളവർ ആയിരുന്നു അതുകൊണ്ടാണ് അവർ കണ്ടുമുട്ടുമ്പോൾ 'എന്റെ കർത്താവിന്റെ അമ്മ' എന്ന സാക്ഷ്യം എലിസബേത്തിലൂടെ പരിശുദ്ധാത്മാവ് സാക്ഷിക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യകളുടെ വളർച്ചയിലൂടെ ദൂരങ്ങൾ നമുക്ക് ദൂരങ്ങൾ അല്ലാതായി മാറുന്നു. പക്ഷേ നമ്മുടെയൊക്കെ മനസ്സുകൾ തമ്മിലുള്ള ദൂരം വളരെയധികം വർദ്ധിച്ചിട്ടില്ലേ എന്നു ചിന്തിക്കുക. യേശുക്രിസ്തു വയറ്റിൽ ഉരുവായപ്പോൾ തന്നെ കന്യക മറിയാം ശുശ്രൂഷാ മനോഭാവത്തോടെ എലിസബേത്തിന്റെ അടുത്തേക്ക് താൽപര്യത്തോടെ പോകുന്നത് കാണാം. മറ്റുള്ളവരോടുള്ള നമ്മുടെ സമീപനം പരിശോധിച്ചാൽ നമ്മുടെയുള്ളിൽ ദൈവാംശം എത്രത്തോളമുണ്ടെന്നു മനസ്സിലാക്കാം. മറ്റുള്ളവരുടെ സന്തോഷത്തിലും സന്താപത്തിലും ആവശ്യങ്ങളിലും കൂട്ടായ് ചെന്നെത്തുന്ന മറിയാമിന്റെ മാതൃക നമുക്ക് സ്വീകരിക്കാം.

### യോഹന്നാൻ മാംദോനായുടെ ജനനത്തിന്റെ ഞായർ 05-12-2021. (വി. ലൂക്കോസ് 1:57-80)

കർത്താവായ യേശുമിശിഹായുടെ മുന്നോടിയും പുതിയ നിയമത്തിലെ രണ്ടാമത്തെ രക്തസാക്ഷിയുമായ യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ദൂതറിയിക്കുന്ന ഞായറാഴ്ച. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ അവതരിക്കുവാൻ അവന് രണ്ടു വ്യക്തികളുടെ സഹായം ആവശ്യമായിരുന്നു. ഒരു മാതാവിനേയും അവനു പാത ഒരുക്കുവാനായി ഒരു നാസിർ വൃതക്കാരനെയും (മലാഖി 3:1). പരി. സഭ വി. ബലിയർപ്പണത്തിന്റെ ആരംഭത്തിൽ പരി. കന്യകമറിയാമിനെയും സ്നാപകയോഹന്നാനെയും അനുസ്മരിച്ച് പ്രത്യേക മദ്ധ്യസ്ഥത അഭ്യർത്ഥിക്കുന്നുണ്ട്. യേശുവിനെക്കുറിച്ച് ആദ്യം സാക്ഷ്യം നൽകി എന്നതിനാലാണ് യോഹന്നാന് ഇവിടെ പ്രാധാന്യം (യഹോ.1:36). പരി. സഭയിൽ യേശുക്രിസ്തുവിന്റെ അല്ലാതെ ജന്മദിനം അനുസ്മരിക്കുന്നത് സ്നാപക യോഹന്നാന്റേതും മാത്രമാണ്. അനേക വർഷം മക്കളില്ലാതിരുന്ന സ്ക്കറിയ- ഏലിശ്ബാ ദമ്പതികൾക്ക് ദൈവം ഒരു മകനെ നൽകുകയാണ്. ദൈവത്തിൽ അടിയുറച്ച് 'നീതിയോടെ' ജീവിച്ച ആ മാതാപിതാക്കൾക്ക് ദൈവം തന്റെ കരുണ ഒരു മകനിലൂടെ ചൊരിയുന്നു. ഉത്തമ കുടുംബ

ത്തിനു മാതൃകയാണ് ഈ കുടുംബം.

സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ ശ്രേഷ്ഠനില്ല (ലൂക്കോ. 7:28) എന്ന് യേശുക്രിസ്തു സാക്ഷിച്ച വ്യക്തി, അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായിരുന്നു (യോഹ. 5:35) എന്ന സാക്ഷ്യം ലഭിച്ചവൻ- അദ്ദേഹത്തിന്റെ ജീവിതം നമുക്ക് എന്നും മാതൃകയാണ്. തന്റെ വസ്ത്രധാരണവും ജീവിത രീതികളും പഠിപ്പിക്കലുകളും കൊണ്ട് ജീവിതത്തിൽ ക്രിസ്തുവിനെ സാക്ഷിച്ച് ക്രിസ്തുവിന്റെ വഴി ഒരുക്കിയ വ്യക്തിത്വം. 'എന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല' (യോഹ 1:27) എന്നും 'അവനോ വളരേണം ഞാനോ കുറയേണം' (യോഹ 3:30) എന്നും ചിന്തിച്ച വ്യക്തിത്വം, അധാർമ്മികതയെ വിമർശിച്ചവൻ, നിർമ്മലതയും നീതിബോധവും ഉള്ളവൻ. സ്നാപകയോഹന്നാനെ 'ആത്മാവിൽ നിറഞ്ഞു വളർന്നവൻ' (ലൂക്കോ.1:80) എന്നും 'കർത്താവിന്റെ കൈ അവനോടുകൂടെ ഉണ്ടായിരുന്നു' എന്നും (ലൂക്കോ.1:66) സാക്ഷിക്കുന്നു. യോഹന്നാനെപ്പോലെ കർത്താവിന്റെ വഴി ഒരുക്കുന്ന നീതിബോധമുള്ള ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കായി തീരുവാൻ നമുക്ക് സാധിക്കട്ടെ.

**യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായർ**
**12-12-2021. (വി. മത്തായി 1:18-25)**

തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന മറിയാം തങ്ങൾ കൂടി വരുന്നതിനു മുമ്പ് ഗർഭിണിയാണെന്നറിഞ്ഞ് അവളെ രഹസ്യമായി ഉപേക്ഷിക്കാൻ യൗസേഫ് തീരുമാനിക്കുന്നതും അതിൽനിന്ന് അവനെ യഹോവയുടെ ദൂതൻ പിന്തിരിപ്പിക്കുന്നതുമാണ് വേദഭാഗം. യഹൂദ പാരമ്പര്യം അനുസരിച്ച് വിവാഹ നിശ്ചയം കഴിഞ്ഞവർ ഭാര്യാഭർത്താക്കന്മാരായി പരിഗണിക്കപ്പെടുമെങ്കിലും ശാരീരികമായ ബന്ധം പാടില്ല. പക്ഷേ അവർ വേർപിരിയണമെങ്കിൽ വിവാഹമോചനം ആവശ്യമാണ്. ഈ അവസരത്തിൽ വധു ഗർഭിണി ആയാൽ അവളെ കുറ്റക്കാരി ആക്കി കല്ലെറിഞ്ഞു കൊല്ലണം എന്നതാണ് യഹൂദ നിയമം. ഈ അവസരത്തിലാണ് മറിയാം ഗർഭിണി ആണെന്നു യൗസേഫ് അറിയുന്നതും അവളെ പരിഹാസപാത്രമാക്കുവാൻ ആഗ്രഹമില്ലാതെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്നതും. അതു നടപ്പിലാക്കാനുള്ള സമയമെത്തിയപ്പോഴാണ് ദൈവ നിയോഗത്തിന് സന്ദേശവും ദിവ്യ ശിശുവിന്റെ മാതാവിനെ സംരക്ഷിക്കുന്നതിനുള്ള ആജ്ഞയും ദൈവദൂതനിൽനിന്ന് സ്വപ്നത്തിൽ ലഭിക്കുന്നതും യൗസേഫ് അത് അനുസരിക്കുകയും ചെയ്യുന്നത്. ആത്മ സംയമനത്തിന്റെയും ദീർഘക്ഷമയുടെയും മൂർത്തിരൂപമാണ് യൗസേഫ്. ദാവീദിന്റെ വംശത്തിൽപ്പെട്ട ഒരു മരപ്പണിക്കാരൻ എന്നതിലുപരി ദൈവിക നിയോഗമനുസരിച്ച് രക്ഷകന്റെ മാതാവിന്റെ ജീവിതപങ്കാളിയുമാകാനുള്ള വരം ലഭിച്ച വ്യക്തിയാണ് വി.യൗസേഫ്. യൗസേഫ് പിതാവിന്റെ സഹനങ്ങളും മനുഷ്യ കുലത്തിന്റെ വീണ്ടെടുപ്പിൽ കാതലായ പങ്കുവഹിച്ചിട്ടുണ്ട്. കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനത്തിന് എക്കാലത്തേക്കുമുള്ള വിശ്വസ്ത സാക്ഷിയായിരുന്നു വി.യൗസേഫ് വി.മത്തായി 1:19ൽ യൗസേഫിനെ നീതിമാനായി സാക്ഷിക്കുന്നു. തന്റെ ജീവിത പങ്കാളിയെ പരിഹാസ പാത്രമാക്കുവാൻ അവൻ ആഗ്രഹിച്ചില്ല. ഒരു പക്ഷേ യൗസേഫ് ദൈവഹിതത്തിനു കീഴ്പ്പെട്ടില്ലായിരുന്നെങ്കിൽ യേശുക്രിസ്തു എന്ന രക്ഷകന്റെ വരവിനു തടസ്സംനിന്ന് അവനെ ദ്രോഹിക്കുന്ന ആദ്യവ്യക്തി യൗസേഫ് ആകുമായിരുന്നു. മറ്റൊരു പ്രത്യേകത, സക്കറിയ പുരോഹിതനും കന്യക മറിയാമിനും ദൈവ ദൂതൻ നേരിട്ടാണ് പ്രത്യക്ഷപ്പെട്ടത്. എന്നാൽ യൗസേഫിനു സ്വപ്നത്തിലും, എന്നാൽ പോലും ദൈവിക കൽപ്പനകളെ ശിരസ്സാ വഹിക്കുവാൻ തയ്യാറാവുന്നു. മറ്റുള്ളവരുടെ കുറവുകളെ പർവ്വതീകരിച്ചു കാണിക്കുകയും നിസ്സാര കാര്യത്തിനുപോലും വിവാഹമോചനം നേടുകയും സഭ അതു അനുവദിക്കുകയും ചെയ്യുന്ന ഈ ആധുനിക കാലത്തു യൗസേഫ് പിതാവിന്റെ മാതൃക അനുകരണീയമാണ്. യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പും അതിനു ശേഷവും പലതവണ ദൈവദൂതൻ സ്വപ്നത്തിലൂടെയും അല്ലാതെയും ദൂതറിയിച്ച വ്യക്തിയാണ് വി. യൗസേഫ്. ദൈവവുമായുള്ള നിരന്തരബന്ധം കാത്തുസൂക്ഷിക്കുകയും ദൈവ കൽപ്പനകളെ മടികൂടാതെ അനുസരിക്കുകയും ചെയ്ത വ്യക്തി. ഈ ആഗമന കാലത്തു കാണുന്ന ദമ്പതികളായ സ്ക്കറിയ-ഏലിസബേത്ത് യൗസേഫ്-കന്യക മറിയം എന്നിവരുടെ ഏറ്റവും വലിയ പ്രത്യേകത അവർ ദൈവസന്നിധിയിൽ നീതിയുള്ളവർ ആയിരുന്നു എന്നതാണ്. നീതിയുള്ള ഇടത്തെ യേശുവിനു വസിക്കുവാനും വളരുവാനും സാധിക്കുകയുള്ളു. ആകയാൽ യൗസേഫിനെപ്പോലെ ദൈവസന്നിധിയിൽ നീതിയുള്ളവർ ആവാൻ പരിശ്രമിക്കാം.



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, ചിങ്ങവനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, ചിങ്ങവനം**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**
പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയാൽ അനുഗ്രഹം ലഭിച്ചതിനു നന്ദി **ഒരു വിശ്വാസി**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**
പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയാൽ അനുഗ്രഹം ലഭിച്ചതിനു നന്ദി **ഒരു വിശ്വാസി**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**
പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയാൽ അനുഗ്രഹം ലഭിച്ചതിനു നന്ദി **ഒരു വിശ്വാസി**

# കോവിഡ് പ്രതിസന്ധിയും ആത്മീയ ജീവിതവും

ജിൻമോൾ തോമസ് ഇടശ്ശേരിൽ, തിരുവനന്തപുരം

**ആത്മീയത എന്നാൽ എന്ത്?**

എല്ലാ നന്മകളുടേയും ഉറവിടം ദൈവമാണ് എന്ന തിരിച്ചറിവിനെയാണ് ആത്മീയത എന്നു പറയുന്നത്. ഈ പ്രപഞ്ചത്തിന് ദൈവം ഒരു താളം ഒരുക്കിയിരിക്കുന്നു. എല്ലാത്തിനും ഒരു കാലം. സഭാപ്രസംഗി 3:2 ജനിപ്പാൻ, മരിപ്പാൻ, നടുവാൻ, നട്ടതു പറിപ്പാൻ അങ്ങനെ പോകുന്നു. താളം തെറ്റിയാൽ പ്രശ്നങ്ങൾ. ഇപ്പോഴത്തെ വലിയ പ്രശ്നം കോവിഡ് എന്ന മഹാമാരി തന്നെ.

ദൈവത്തിൽ നിന്ന് അകന്ന് ജീവിച്ചപ്പോഴും അനുസരണക്കേടു കാണിച്ചപ്പോഴും പലപ്പോഴും പകർച്ചവ്യാധി ഉണ്ടായതായി പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 18-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഉണ്ടായ പ്ലേഗ്, അതിനുശേഷം ആഫ്രിക്കയിൽ ഇബോള, ഏഷ്യയിൽ സാർസ് ഇതിനെപ്പറ്റിയൊക്കെ നാം കേട്ടിട്ടുണ്ട്. അതിനാൽ എല്ലാ കാലത്തും കോവിഡ് പോലുള്ള പകർച്ചവ്യാധികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ പഴയ നിയമത്തിൽ ഒരു വ്യാധിക്കുശേഷം, ജനം പാപത്തോടു വിട വാങ്ങി, കൂടുതൽ ദൈവവിശ്വാസത്തോടെ വരുന്നതു കാണാം.

ആത്മീയ ജീവിതം പ്രതിസന്ധികളിൽ നമ്മെ തളർത്താതെ നയിക്കുന്ന ഒരു ടോണിക്ക് ആണ്. ഒറ്റപ്പെടലിൽ തളരാതെ ചാരി നിൽക്കാൻ പറ്റിയ ഒരു നെടുംതൂണ്.

കോവിഡ് ഒരു ഭീഷണി തന്നെ. എങ്കിലും ഇതുമൂലം ലോകരാഷ്ട്രങ്ങൾ ഒരേ ചിന്താഗതിയിലേക്കു മാറി. ആദ്യകാലങ്ങളിൽ എല്ലാവരും ചൈനക്കാരെ കുറ്റപ്പെടുത്തി. ഇപ്പോൾ 'അവർ' എന്ന പദം 'നമ്മൾ' ആയി മാറി. 'അവിടെ' എന്നുള്ളത് 'ഇവിടെ' ആയി മാറി WHO DIRECTOR ന്റെ വാക്കുകളിൽ "Solidarity in the key to defeat Covid" ഐക്യദാർഢ്യമാണ് കോവിഡിനെ തോൽപ്പിക്കാനുള്ള താക്കോൽ.

ഈ കാലയളവിൽ ആത്മീയ മൂല്യങ്ങൾ, അനുകമ്പ, സഹതാപം, അന്യോന്യം ഉള്ള കരുതൽ ഒക്കെ വർദ്ധിച്ചു. പല സഭകളും വിശുദ്ധകർമ്മങ്ങൾ ഓൺലൈൻ ആയി കാണിച്ചു തുടങ്ങി. ആദിമസഭയിലും ചെറിയ കൂട്ടമായിട്ടായിരുന്നു ആരാധിച്ചിരുന്നത്.

1 കൊരിന്ത്യർ 12:27 – നാം ക്രിസ്തുവിന്റെ ശരീരം ആകുന്നു.

എഫേസ്യർ 2:18 അവൻ മുഖാന്തരം നമുക്ക് ഏകാത്മാവിനാൽ പിതാവിലേയ്ക്ക് പ്രവേശനം ഉണ്ട്.

1 പത്രോസ് 2:9 നമ്മൾ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും, രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവും ആകുന്നു.

അങ്ങനെ നാം ഓൺലൈൻ ആയി വിശുദ്ധ ശുശ്രൂഷയിൽ പങ്കെടുക്കുമ്പോൾ, നമ്മുടെ വീട്ടിനുള്ളിൽ തന്നെ ഒരു ചെറിയ വിശ്വാസക്കൂട്ടം, ചെറിയസഭ ഉളവാകുന്നു. തീർച്ചയായും ഒരു നിയുക്ത പുരോഹിതൻ ചെയ്യുന്ന എല്ലാ കർമ്മങ്ങളും ഓൺലൈൻ ആയി സാധിക്കില്ല. ഈ കൊല്ലം ജനുവരി 3-ാം തീയതി ബി.ബി.സി അറിയിച്ചത് പല ദശാബ്ദങ്ങളായി ദൈവാലയങ്ങളിൽ ശുശ്രൂഷയിൽ പങ്കെടുക്കുന്നവർ കുറഞ്ഞു കൊണ്ടിരുന്ന പ്രവണത ഇപ്പോൾ ഓൺലൈൻ ആയി വർദ്ധിച്ചു എന്നാണ്.

ഗ്ലോബൽ ആറ്റിറ്റ്യൂഡ് സർവ്വേ പ്രകാരം, കോവിഡിന്റെ കാലയളവിൽ മിക്ക രാജ്യത്തിലും വിശ്വാസം, കുടുംബബന്ധങ്ങൾ എന്നിവ വർദ്ധിച്ചു.

സ്വീഡൻ 3%-5%, ഡെൻമാർക്ക് 2-10%, നെതർലാൻഡ്സ് ഒരു മതപരമായ പുതുക്കം തന്നെ. ഇറ്റലി, കൊറിയ ഒഴികെ എല്ലാ സ്ഥലങ്ങളിലും സ്ത്രീകളാണ് കൂടുതലായി വിശ്വാസത്തിലേയ്ക്ക് വന്നത്. ഇതിന്റെ ഗുണമോ, കുഞ്ഞുങ്ങളെ രൂപാന്തരപ്പെടുത്തുന്നതിൽ അമ്മമാർക്കുള്ള പങ്ക് വലുതായതിനാൽ നല്ല ഒരു തലമുറയെ വാർത്തെടുക്കുവാൻ ഒരു കാരണമാകും.

പ്രായമുള്ളവരിൽ, രോഗികളിൽ, ഒറ്റപ്പെട്ടു താമസിക്കുന്നവരിലൊക്കെ ഏകാന്തതയെ തരണം ചെയ്യാൻ ഓൺലൈൻ ശുശ്രൂഷ സഹായിച്ചു.

നമ്മുടെ ജീവിതത്തിലെ മുൻഗണനകൾ കണ്ടുപിടിക്കാൻ കോവിഡ് എന്ന മഹാമാരി സഹായിച്ചു.

ലൂക്കോസ് 10:41 യേശു മാർത്തയോടു പറഞ്ഞതോർക്കുക, 'മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു' നാമും അങ്ങനെ ചെയ്യണം. ഈ കാലയളവിനെ നാമും ഒരു ശാബതായി കാണുക. 7-ാം ദിവസം ദൈവം പോലും വിശ്രമിച്ചു.

ഏതു പ്രായത്തിലും ഒരു പുതിയ വിദ്യ അഭ്യസിച്ചാൽ തലച്ചോറിന്റെ സമ്മർദ്ദം കുറയ്ക്കും, ഘടനാപരമായ പൊരുത്തപ്പെടൽ വർദ്ധിക്കും. ഉദാഹരണം: ഗൂഗിൾ മീറ്റ്, സൂം മീറ്റ് മുതലായവ.

**ന്യൂനതകൾ**

1. പള്ളിയിൽ പോകുമ്പോൾ കിട്ടുന്ന പോസിറ്റീവ് വൈബ്, ഒരാഴ്ചത്തേക്ക് കിട്ടുന്ന ഊർജ്ജം, ഊഷ്മളത ഇതൊന്നും ഇപ്പോൾ ഇല്ല.

2. ജോലി ഇല്ലായ്മ, വിലക്കയറ്റം ഇതു കാണുമ്പോൾ 'ദൈവം എവിടെ'? എന്നു ചോദിക്കാം. ദൈവത്തിന്റെ കൂടെ നടന്ന ശിഷ്യന്മാരും സംശയിച്ചിട്ടുണ്ട്.

3. മാസ്ക്ക് ധരിക്കൽ, അകലം പാലിക്കൽ, കൈകഴുകൽ, കോറന്റൈൻ പീരിയേഡ് ഒക്കെ ഒരു അസൗകര്യം തന്നെ.

ലേവ്യർ 11: 32- പാത്രം കഴുകൽ, ലേവ്യർ 13:26 7-ാം ദിവസം പുരോഹിതൻ ശുദ്ധിയായോ എന്ന് പരിശോധിക്കൽ - അന്നും ഇന്നും മികാ (ഒരു ഹീബ്രു വാക്ക്) - ഒരു ജലാശയം ശുദ്ധീകരിക്കാനും സ്നാനം കഴിക്കാനും ഉപയോഗിക്കുന്നു.

ആത്മീയത ഒരു സംഗീതമാണ്, സങ്കീർത്തനമാണ്. നഷ്ടപ്പെട്ടുപോയ ചിലതിന്റെയൊക്കെ (ദൈവം, വിശുദ്ധി, വാത്സല്യം, വീട്) തിരിച്ചു വരവിന്റെ ഉത്സവം. ഉത്സവപ്പിറ്റേന്ന്, അമ്പലപ്പറമ്പിൽ കാണുന്ന ശൂന്യതയെപ്പോലെ ഈ അവസ്ഥയെ കാണാതെ, നമ്മുടെ ആത്മീയ ജീവിതം കോവിഡ് എന്ന ഈ കൊടിയ ശിക്ഷയെ കുറുകെ കടക്കാൻ സഹായിക്കട്ടെ! നമ്മെ തളർത്താതെ, ഒരു പുഴപോലെ സാന്ത്വനപ്പെടുത്തട്ടെ! നമ്മുടെ ശക്തീകരിക്കപ്പെട്ട ആത്മീയജീവിതം കൊണ്ടു പറയാൻ നമുക്ക് സാധിക്കണം. *ഞാൻ കോവിഡ് എന്ന സാത്താന്റെ ദാസി അല്ല; കർത്താവിന്റെ ദാസി.*

# Spoken English
# അനായാസം പഠിക്കുവാനുള്ള എളുപ്പ വഴി

ഭാഗം -1

കുര്യൻ ജോസഫ് മുട്ടത്തുകടവിൽ

**ആമുഖം:**

ഇന്ന് മലയാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വിഷമമേറിയ പ്രശ്നം ആണ് ഇംഗ്ലീഷ് അനായസമായും ഒഴുക്കോടെയും സംസാരിക്കാൻ സാധിക്കുന്നില്ല എന്നുള്ളത്. (ഇപ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഒഴിച്ച്) Post graduate ആയ പലർക്കും ധൈര്യത്തോടു കൂടിയും ആത്മവിശ്വാസത്തോടുകൂടിയും തെറ്റു കൂടാതെ ഏതാനും വാചകങ്ങൾ English ൽ സംസാരിക്കുവാൻ സാധിക്കുന്നില്ല എന്നുള്ളത് വളരെ ദയനീയമായ കാര്യമാണ്. ഇതിനു പരിഹാരം കാണുവാനുള്ള ഒരു എളിയ ശ്രമമാണ് ഞാൻ നടത്തുന്നത്.

ഈ തടസ്സത്തിനുള്ള പ്രാധാന കാരണം നമ്മൾ മലയാളം English ലേയ്ക്ക് translate ചെയ്തു സംസാരിക്കുവാൻ ശ്രമിക്കുന്നു എന്നുള്ളതാണ്. ഇംഗ്ലീഷ് സംസാരിക്കുമ്പോൾ തെറ്റു പറ്റുമോ എന്നുള്ള ശങ്കയാണ് മറ്റൊരു കാരണം. ഒരു കാര്യം നമ്മൾ പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. English സംസാരിക്കുന്നതിന് Grammar ന് ഒരു പ്രാധാന്യവും കൊടുക്കേണ്ട എന്നുള്ളതാണ്. അക്കാഡമിക്കലി പഠിക്കുന്നവർക്ക് Grammar ആവശ്യമുള്ളതാണെന്നുള്ളതല്ലാതെ English സംസാരിക്കുന്നതിന് Grammar ന്റെ ആവശ്യം ഇല്ല എന്നുള്ള വസ്തുത നാം മനസ്സിലാക്കണം.

നമ്മുടെ വീടുകളിൽ വരുന്ന കൂലിപ്പണിക്കാർ Grammar പഠിച്ചിട്ടാണോ, എനിക്ക് ഇന്നലെ വരുവാൻ സാധിച്ചില്ല, ഇന്ന് തീർച്ചയായും വന്നിരിക്കും എന്നൊക്കെ നമ്മളോട് സംസാരിക്കുന്നത്. അതുപോലെ പിറന്നു വീഴുന്ന കുഞ്ഞുങ്ങൾ അവരവരുടെ മാതൃഭാഷ സംസാരിച്ചു തുടങ്ങുന്നത് Grammar പഠിച്ചിട്ടാണോ? ഇതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്. ഭാഷ എന്നത് കേട്ടു പഠിക്കേണ്ട കാര്യം ആണ്. കേട്ടു പഠിക്കുമ്പോൾ അത് തെറ്റു കൂടാതെ അനായാസം സംസാരിക്കുവാൻ സാധിക്കുന്നു എന്നുള്ളതാണ് വസ്തുത.

ഒരിക്കലും Spoken English പഠിക്കുമ്പോൾ writing exercise ന്റെ ആവശ്യം ഇല്ല. ഒരു വാചകം ഉച്ചത്തിൽ നമ്മൾ ആവർത്തിച്ചു പറയുമ്പോൾ അത് നമ്മുടെ മനസ്സിൽ ആഴത്തിൽ പതിയുകയും നമ്മൾ സംസാരിക്കുമ്പോൾ നമ്മൾ അറിയാതെ തന്നെ നമ്മളിൽ നിന്ന് അത് പെട്ടെന്ന് ഒഴുക്കോടുകൂടി പുറത്തുവരുന്നു. അതായത് നമ്മുടെ സംസാരത്തിലുള്ള തടസ്സം (Inhibition) നീങ്ങുന്നു എന്നുള്ളതാണ്. ഈ തടസ്സം നീങ്ങുവാനും ഒഴുക്കോടെ സംസാരിക്കുവാനുള്ള കഴിവു നേടുന്നതിനുള്ള പ്രതിവിധിയാണ് വാചകങ്ങൾ ഉച്ചത്തിൽ ആവർത്തിച്ചു സംസാരിക്കുക എന്നുള്ളത്. അങ്ങനെയുള്ള Oral exercises ചെയ്യുമ്പോൾ നമ്മുടെ നാക്കിന് വഴക്കവും സംസാരത്തിന് ഒഴുക്കും, സ്ഫുടതയും കിട്ടുന്നു. അപ്പോൾ ഭാഷ കേട്ടു പഠിക്കേണ്ടതാണെന്നുള്ള വസ്തുത ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

Every language has four stages. എല്ലാ ഭാഷയ്ക്കും നാലു ഭാഗങ്ങൾ ഉണ്ട്. Letters, Words, Sentence & Paragraph. നമ്മൾ എല്ലായ്പ്പോഴും സംസാരിക്കുവാൻ ഉപയോഗിക്കുന്നത് Sentence (വാചകം) ആണ്. അപ്പോൾ എങ്ങനെ വാചകങ്ങൾ ഉണ്ടാക്കുന്നതിനുള്ള കഴിവ് (Sentence formation skill) നേടുക എന്നുള്ളതാണ് പ്രധാന കാര്യം. രണ്ടാമത് ആ വാചകം ഏതവസരത്തിൽ ഉപയോഗിക്കണം എന്നുള്ള അറിവാണ് നേടേണ്ടത്. നമ്മൾ വാചകം ഉണ്ടാക്കുന്നതിനുള്ള കഴിവ് നേടുമ്പോൾ നമ്മൾ ആ വാചകത്തിന്റെ ഘടന (Structure) പഠിക്കുന്നു. അത് സംസാരിക്കുവാനുള്ള സാഹചര്യം മനസ്സിലാക്കുമ്പോൾ അത് ഉപയോഗിക്കുവാനുള്ള Situation നമ്മൾ മനസ്സിലാക്കുന്നു.

What is a Sentence? ഒരു വാചകം എന്നാൽ എന്താണ്? A Sentence is a group of words arranged in a correct specific order. ഒരു വാചകം എന്നാൽ ഏതാനും വാക്കുകൾ തെറ്റുകൂടാതെ ശരിയായ രീതിയിൽ തിട്ടപ്പെടുത്തിയിട്ടുള്ളത് ആകുന്നു. ഈ correct specific order എന്താണെന്നുള്ളതാണ് നാം പഠിക്കേണ്ടത്.

**Part 1**

Every sentence has three parts.
ഓരോ വാചകത്തിനും മൂന്ന് ഭാഗങ്ങളുണ്ട്.
1. Subject
2. Verb
3. Other parts

1. **Subject** മൂന്നു തരത്തിലുണ്ട്.

**First Person** - I (Singular), We (Plural)

**Second Person - You** ഇത് Singular ആയും Plural ആയും ഉപയോഗിക്കുന്നു.

eg: You are a good boy. You should be here on time. You are good boys.

**Third Person** - He, She, It, They

**11. Verb** - There are five families in Verb
a) be family
b) do family
c) have family
d) Auxillary Verbs
e) Action Verbs

**111.** Other parts can be of noun, adjective, -ing form of action verbs, propositional phrases, passive voice, past participle form of action verb, place adverb, to infinitive.

**BE family**

It consists of eight members. IS, ARE, AM - indicates presents tense.
IS /AM - Singular
ARE - Plural

WAS/WERE - Past Tense
WAS Singular WERE Plural

BE BEING BEEN

ഈ Verb ന് Tense ഒന്നും ഇല്ല. ഇവ മൂന്നും മറ്റ് Verbs ന് Technical support നൽകുന്നു.

**Do family**

Its consist of three members

Do }
Does } Present Tense
Did Past Tense

**Have family**

Have family consists of three members
Has/Have present. Had Past

**MODEL AUXILARY VERBS**

It Consist of 13 members
WILL - WOULD - WOULD HAVE
SHALL - SHOULD - SHOULD HAVE
CAN - COULD - COULD HAVE
MAY - MIGHT
OUGHT TO
MUST

**ACTION VERB FAMILY**

It Consist of 5 forms
1. Base form - go
2. ‘s’ form - goes
3. - ing form - going- Present Participle എന്നു പറയും
4. Past form- went
5. Past Participle form - gone.

All together Verbs consists of 32 members. Verb family എല്ലാം കൂടെ 32 members ഉണ്ട്. It we know how to handle these 32 members easily, language will be in our grip.

ഈ 32 Members നേയും അനായാസം കൈകാര്യം ചെയ്യുവാൻ പഠിച്ചാൽ ഈ ഭാഷ നമ്മുടെ കൈയ്യിൽ ആയി. ഈ 32 Verbs നേയും വളരെ ലളിതമായ രീതിയിൽ വിവരിക്കുന്നതാണ്.

## NAZARETH COLLEGE OF PHARMACY

OTHERA P.O., THIRUVALLA - 689546,
Ph: 0469 - 2657546, 9495237292

INVITES QUOTATION
FOR THE FOLLOWING ITEMS
MENTIONED BELOW

| | | |
|---|---|---|
| 1. Bench with Desk<br>Bench with Back rest (Height 85 cm)<br>Desk - (Height 75 cm width 40 cm, Length 120 cm) Storage Gap (Size-15 cm) | 30 | Seating for two students each |
| 2. Teachers Class room table without drawer & S-Type Teachers Chair | 1 each | |
| 3. Teachers office table with drawer & Cushioned Office chair | 3 each | |
| 4. Desk Top | 2 | |
| 5. LCD | 1 | |
| 6. Lap Top | 2 | |
| 7. Flame Photometer | 1 | |
| 8. Canon High Speed Printer | 1 | |
| 9. Canon all in one printer | 2 | |
| 10. Supply installation & Onsite warranty for Battery- 12v/120 Ah Tubular Battery notes Buy Back Rate for old Battery (Same nos) | 10 | |

Last date of Submission on or before 24/11/2021 12.00 pm

Sd, Manager
**Fr. Jain Thomas**

Note- For more details contact +91 9495237292

## NAZARETH COLLEGE OF PHARMACY

OTHERA, THIRUVALLA - 689546.
Ph: 0469 - 2657546, 9495237292

Inviting Quotations for Roof Sheet work (truss Work)
1) Old Block roof (3324 sq. Ft approx).
2) Main Block-Library Roofing (9950 sq.ft. approx).

Tender documents are available in our office from 24th November, 2021.

Note: EMD amount of Rs. 10000/- demand draft should be drawn in favour of Nazareth college of pharmacy, Othera.

Sd,
Manager
**Fr. Jain Thomas**

Note- For more details contact +91 9495237292

## NAZARETH COLLEGE OF PHARMACY

OTHERA, THIRUVALLA - 689546.
Ph: 0469 - 2657546, 9495237292

**WANTED**

ASSISTANT PROFESSORS
(Qualification: M.Pharm with First Class)

| Department | Vacancy |
|---|---|
| Pharmacology | 1 No |
| Pharmaceutics | 2 Nos. |
| Pharmaceutical Chemistry | 1. No. |

Apply with CV and copies of certificates to the Manager by post or E-mail to *nazarethpharmacy@yahoo.co.in* on or before 24/11/2021

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട

# 1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി



## 50TH WEDDING ANNIVERSARY

21ST NOVEMBER 2021



**T.M MATHEW (RAJU) & SUSY MATHEW**

THEVARUMURIYIL, ERAVIPEROOR

*"Thank you lord for your countless blessings"*

With best compliments from,
Roy, Raji, Rofin & Rosna
Reji, Rakhi, Nayama,Niyana & Mathew
Manoj, Rejani, Milan, Mia, Misha & Mihail

Advt -O

## CONGRATULATIONS!
## Anetta Annu Joseph, M.Tech.



Advt -O

"A COMPOSITION OF SELF-COMPACTING GEOPOLYMER CONCRETE AND METHOD OF PREPARATION" എന്ന thesis-ന് 20 വർഷത്തെ പേറ്റന്റ്, India Government Patent Act പ്രകാരം ലഭിച്ചതിന് അഭിനന്ദനങ്ങൾ.

Anetta, NIT, Silchar, Assam ൽ നിന്നും Structural Engineering-ൽ ഉയർന്ന മാർക്കോടെ M.Tech പൂർത്തിയാക്കി, ഇപ്പോൾ Dubai യിൽ ജോലി ചെയ്യുന്നു. കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗങ്ങളായ തുണ്ടിയിൽ **ശ്രീ. ജോസഫ് കുരുവിള (സാബു) യുടെയും ശ്രീമതി ജെസ്‌ലി ജോസഫിന്റെയും** മകളാണ്. ഇപ്പോൾ ഷാർജ സെന്റ്.മേരീസ് ക്നാനായ പള്ളിയിൽ കൂടിവരുന്നു.

With the best Compliments from:
Thundiyil Family, Kattodu
Pallickal Family, Ranny

## 19th Wedding Anniversary

**24th Nov 2021**



## JIJI. P. & JEENA JIJI

**Pullazhiyil House**
Vechoochira P.O.,
Ranny

*With Lots of Love & Prayers* **Jewel** **Juliet**

Advt - O

## മലങ്കര സുറിയാനി ക്നാനായ വിമൻസ് അസോസിയേഷന്റെ 2022-ലെ സഭാ കലണ്ടർ പ്രകാശനം



മലങ്കര സുറിയാനി ക്നാനായ വിമൻസ് അസോസിയേഷന്റെ 2022-ലെ സഭാ കലണ്ടർ ക്നാനായ **സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** കുറിച്ചി മന്ദിരം ക്നാനായ തിരുശേഷിപ്പ് ചാപ്പലിൽ 06/11/2021-ൽ പ്രകാശനം ചെയ്യുന്നു. ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, മദർ സുപ്പീരിയർ സിസ്റ്റർ ശൈനോ, കേന്ദ്ര ജനറൽ സെക്രട്ടറി ബിൻസി സക്കറിയ, ട്രസ്റ്റി പ്രീതി സക്കറിയ തുടങ്ങിയവർ സമീപം.

## 1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ ഉയർത്തുവാനുള്ള പതാക കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരകത്തിൽ ആശീർവദിച്ച് കൈമാറിയപ്പോൾ



1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ ഉയർത്തുവാനുള്ള പതാക കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിൽ വച്ച് ഫാ. ജേക്കബ് കല്ലുകുളം വിശുദ്ധ കുർബ്ബാന അർപ്പിച്ചതിന് ശേഷം ഫാ. കെ.എ. പുന്നൂസ് കുന്നേൽ ആശീർവ്വദിച്ച് ക്നാനായ കോൺഗ്രസ് ട്രഷറാർ അനീഷ് ടി.സി. തകിടിയിലിന് കൈമാറി. ടോണി കുറിയാക്കോസ് അട്ടച്ചിറയിൽ, ജൂബി കൊല്ലംപറമ്പിൽ, അഡ്വ. ടിനോ കെ. തോമസ്, തോമസ് പണിക്കരോടത്തിൽ എന്നിവർ സമീപം.


# 40th Day of Rememberance

**14-11-2021**



## Jose P. Abraham

**Pampanathu House, Ranni,**
**Pathanamthitta (Punalur)**

Your life was a blessing, your memory a treasure...
You are loved beyond words and missed beyond measure...

By Sorrowing family

Advt - O

# 1 –ാം ചരമവാർഷികം

**22 – 11 – 2021**



# തലയാർ ജോസ്

## കഴുത്തും മൂട്ടിൽ, കുറ്റൂർ, തിരുവല്ല

*മക്കൾ: ഡോ. ജിപ്സി റോണി, ജിൻസി എബിസൺ, ജിറ്റോ റ്റി. ജോസ്*

*മരുമക്കൾ: ക്യാപ്റ്റൻ റോണി കുരുവിള, എബിസൺ കെ ബാബു*

മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.
(സങ്കീർ. 147: 3)

Advt -S

## 5-ാം ചരമവാർഷികം

27-11-2021



**തങ്കമ്മ ഉപ്പായി (അച്ചാമ്മ)**

മൂഴിപ്പാറ, കുഴിമറ്റം

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 10-ാം ചരമവാർഷികം 13-11-2021

## 6-ാം ചരമവാർഷികം 19-12-2021





**Thankamma Mathew**

**A. O. Mathew**

**Mulamoottil, Ranni**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 7th Birthday in Heaven

15-11-2021



**T. P. Cheriyan**

**Veliyathuthundiyil, Thuruthickadu**

By Sorrowing Family

Advt -O

## 2nd Anniversary In Heaven

07-11-2021



**T.T. Joseph**

**Thundiyil Joby Villa, Manjadi, Kattodu**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt - O

## 6 – ാം ചരമവാർഷികം
17 – 11 – 2021



## 4 – ാം ചരമവാർഷികം
10 – 11 – 2021



Advt - S

**കുര്യൻ കുറിയാക്കോസ്** (ജോയിച്ചായൻ)

**പെണ്ണമ്മ ഉണ്ണിട്ടൻ**

**കണ്ണൻകുഴയത്ത്, തോണിക്കടവ്, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം
3 – 11 – 2021



**മറിയാമ്മ ചാക്കോ**

**കളത്തിൽ, കഞ്ഞിക്കുഴി, കോട്ടയം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 5 – ാം ചരമവാർഷികം
10 – 11 – 2021

## 4 – ാം ചരമവാർഷികം
09 – 11 – 2021





**ഏലിയാമ്മ ഏബ്രഹാം**
(ചിന്നമ്മ)

**ഏബ്രഹാം മാത്യു**
(തങ്കച്ചൻ)

**പെരുമ്പള്ളിപ്പറമ്പിൽ,
കാണക്കാരി, കോട്ടയം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 4 – ാം ചരമവാർഷികം

**2 – 12 – 2021**



Advt -O

## പി. ഐ. ഇടിക്കുള

**പാണ്ടിപ്പുറത്ത്, തിരുവനന്തപുരം**

"നിന്റെമഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3rd Death Anniversary

**27-11-2021**



Advt -G

## ജോയി സ്കറിയ

**കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി**

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ


*സന്തപ്ത കുടുംബാംഗങ്ങൾ*

## 20th Death Anniversary

**10 – 04 – 2021**

## 18th Death Anniversary

**24 – 11 – 2021**



## 3rd Death Anniversary

**24 – 11 – 2021**



**YESHAV CHACKO** **SARAMMA CHACKO** **ALEYAMMA ELIAS**

## CHALUNKAL VAKATHANAM

Advt -S

*ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ, സമയം അടുത്തിരിക്കുന്നു. (വെളി. 1:3)*

## 2 – ാം ചരമവാർഷികം

**14-11-2021**



Advt -S

# Thankamma Kunjachan

(കൊച്ചമ്മച്ചി )

**Planthottathil Thyil, Kallissery**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

## 3 – ാം ചരമവാർഷികം

01 – 12 – 2021



Advt -S

# ഷൈനി ഏബ്രഹാം

**കുന്നുംപുറത്ത്, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

28 – 11 – 2021

## 8 – ാം ചരമവാർഷികം

4 – 06 – 2021



**എം. റ്റി. സ്കറിയ**

(Rtd Senior Sup. of D.D.E)

**കുഞ്ഞമ്മ സ്കറിയ**

Advt -S


**മേലയിൽ, കല്ലിശ്ശേരി**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40th Day of Demise

10 – 11 – 2021



Advt -O

# Alivia Jacob (Ambili)

**Ezhumayil, Birmingham, U.K.**

കാത്തിരിപ്പിന്റെ സുഖം ഞാൻ അറിയുന്നത് നിന്റെ ഓർമ്മകളിൽ
കൂടിയാണ്. ഇനിവരില്ലെന്ന് അറിയാമെങ്കിലും വെറുതെ ഞാൻ നിന്നെ
തിരയുന്നു, ജീവിത വീഥിയിലെ ഓരോ നിമിഷവും പൊന്നു മോളെ അമ്പിളി...

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ”

എന്ന്, Pappa, Mummy & Unni, അപ്പച്ചൻ, അമ്മച്ചി

## One Year With Our Lord

01-11-2021



Advt - O

## Abraham Skaria (Aniyan)

**Thamarathu,**
**Mannamaruthy, Ranny**

Inserted by: Bereaved Family

## 40th Day of Demise

4-11-2021



Advt -0

## M.C. Mary

**Puthuchirayil House, Ranny**

By Sorrowing family



## 3 –ാം ചരമവാർഷികം

18 – 11 – 2021

# സി.ജെ. പുന്നൂസ്

(സണ്ണി)
കോട്ടയ്ക്കൽ
കോട്ടയം

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2nd Death Anniversary
18 – 10 – 2021




**P.M.KURUVILLA (Pappachen)**
Kalisseril, Chingavanam

## 21st Death Anniversary
25 – 09 – 2021



**ACHAMMA MATHEW**
Kalisseril, Chingavanam

## 78th Death Anniversary



**K.M.MATHEW (Kutty)**
Kalisseril, Chingavanam

Advt -R

## രണ്ടാം ചരമവാർഷികം
9 – 11 – 2021



**കുരുവിള ഏബ്രഹാം (കുറിയാക്കോച്ചൻ)**
കാലായിൽ, ഇടക്കുളം, റാന്നി

ജനനം: 22/08/1950 മരണം: 09/11/2019

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*
*കാലായിൽ ഫാമിലി & കോണമല ഫാമിലി റാന്നി*

Advt - O

## 8 – ാം ചരമവാർഷികം
10 – 11 – 2021



**രാജേഷ് മാത്യു**
ചക്കുംമൂട്ടിൽ (ബോംബെ)

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - O

# CHETTIYAKULATHU FAMILY

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

## 9th Death Anniversary

6 -12 - 2021




**Rev.Fr. C.T. Jacob**

Chettiyakulathu

## 1st Death Anniversary

16-10- 2021



**C.T. SKARIAH**

Chettiyakulathu

Thiruvanvandoor

## 1st Death Anniversary

11-11- 2021



**C.T. ABRAHAM**

Chettiyakulathu

Mannar, Houston, USA

Advt - O

## First Birthday in Heaven

**3-11-2021**



Advt - O

## Mrs. Mariamma Thomas

**W/o Thomas K.C.**

**Kunnelparampil (H), Chingavanam**

Miss u Mummy, See u at the beautiful shore

By Beloved family
Lini, Liji, Liya, Lijo

## 1 –ാം ചരമവാർഷികം

**11–11–2021**



Advt -S

## സി. എ. ബാബു

**കിഴക്കേചിറമേൽ, മഴുക്കീർ**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”


*സന്തപ്ത കുടുംബാംഗങ്ങൾ*

## 6 –ാം ചരമവാർഷികം

**19–01–2022**

## 10 –ാം ചരമവാർഷികം

**22–11–2021**



Advt -O

## ഏലിക്കുട്ടി ടീച്ചർ

## പി. എം. ചാണ്ടി

**പാലക്കുടിയിൽ, ചിങ്ങവനം**

“നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*



# മലർവാടിക്കൂട്ടം

ഇളം വെയിലിന്റെ സുഖം നുണഞ്ഞു ഉറങ്ങുകയായിരുന്നു സിംഹം. ഒരു കൊച്ചു ചുണ്ടെലി തുള്ളിച്ചാടി നടന്ന് സിംഹത്തിന്റെ ശരീരത്തിൽ വന്നു കയറി. അതു താഴേക്കു ചാടിയും വീണ്ടും ഉരുണ്ട് പിരണ്ട് സിംഹത്തിന്റെ ദേഹത്തു കയറിയും കളി തുടർന്നു. സിംഹത്തിനു കുറെയായപ്പോൾ ദേഷ്യവും ഒപ്പം ചിരിയും വന്നു.

മൃഗരാജന്റെ കൈകളിൽ കിടന്ന് എലി വിറച്ചു. പ്രഭോ, ദയവായി എന്നെ കൊല്ലരുത്. അതു വിക്കി. അങ്ങേയ്ക്ക് എപ്പോഴെങ്കിലും ഒരു വിഷമം നേരിട്ടാൽ എന്റെ കഴിവിനൊത്ത ഉപകാരം ഞാൻ ചെയ്തു കൊള്ളാം. ഇപ്പോൾ വിട്ടയക്കണമെ.

നിന്റെ ഒരു ഉപകാരം! പരിഹാസത്തോടെ സിംഹം ചിരിച്ചു. പിന്നീട് എലിയെ വിട്ടയയ്ക്കുകയും ചെയ്തു.

അടുത്ത ദിവസം ഇരതേടി നടക്കുന്നതിനിടയിൽ സിംഹം ഒരു വലയിൽ അകപ്പെട്ടു. വല പൊട്ടിക്കാനുള്ള ശ്രമം കൂടുതൽ വിഷമം സൃഷ്ടിക്കുകയേ ചെയ്തുള്ളു. അവിടെയിരുന്നു സിംഹം കാടുകുലുങ്ങുംവിധം അലറി.

ആരും സഹായത്തിന് എത്തിയില്ല. ചുണ്ടെലിയുടെ കാതിൽ ആ അലർച്ച മുഴക്കം സൃഷ്ടിച്ചു. അത് ഉടനെ ശബ്ദം കേട്ട സ്ഥലത്തെത്തി. ഒരു നിമിഷം സിംഹത്തിന്റെ നേരെ അർത്ഥവത്തായ നോട്ടമയച്ചു. പിന്നീട് വലയുടെ കയറുകൾ കടിച്ചു മുറിക്കുന്ന ജോലിയിൽ ഏർപ്പെടുകയും ചെയ്തു.

അല്പ സമയത്തിനുള്ളിൽ വലയിൽ നിന്നും മോചിതനായ സിംഹത്തോട് ചുണ്ടെലി പറഞ്ഞു. പ്രഭോ, മൃഗരാജാവായ അങ്ങേക്ക് എന്ത് ഉപകാരം ചെയ്യാനാണ് എന്നെക്കൊണ്ടാവുക എന്ന അർത്ഥത്തിൽ ഇന്നലെ പരിഹസിക്കുക ഉണ്ടായല്ലോ. ഇത് ഉപകാരമാണോ അപരാധമാണോ എന്നു പോലും എനിക്കറിയില്ല. ഇത്രയുമേ എനിക്കു കഴിവുള്ളു. ഇതിനും ഞാൻ ദൈവത്തോട് നന്ദി പറയട്ടെ. സിംഹം ഒരക്ഷരം പോലും ഉരിയാടാതെ തലയും താഴ്ത്തി നടന്നുപോയി.

(എത്ര വലിയ ശക്തനും ദൗർഭാഗ്യം വരുമ്പോൾ അതിനിസ്സാരനായ ഒരു വ്യക്തിയുടെ സഹായം വേണ്ടി വന്നേക്കാം.)

**സസ്നേഹം**
**കൊച്ചേട്ടൻ**

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**നവംബർ മാസത്തിലെ ചോദ്യങ്ങൾ**

1. ഇന്ത്യയുടെ അധിപനായിരുന്ന പേർഷ്യൻ ചക്രവർത്തിയാര്?
2. പട്ടണത്തിന്റെ നടുവിൽ ചെന്ന് കൈപ്പോടെ അത്യുച്ചത്തിൽ നിലവിളിച്ച വ്യക്തിയാര്?
3. തീപ്പൊരി ഉയരെ പറക്കുംപോലെ മനുഷ്യൻ കഷ്ടതയ്ക്കായ് ജനിച്ചിരിക്കുന്നു എന്നു പറഞ്ഞതാര്?
4. പരിഹാസത്തെ വെള്ളം പോലെ കുടിച്ചവൻ ആര്?
5. കോപം സംഗ്രഹിച്ചു വെക്കുന്നവൻ ആര്?
6. വി. വേദപുസ്തകത്തിലെ ഏറ്റവും വലിയ അദ്ധ്യായം?
7. യുദ്ധ ദിവസത്തിൽ പിന്തിരിഞ്ഞുപോയ യിസ്രായേൽ ഗോത്രം?
8. ദോഷം ചെയ്യുവാൻ ഓടുന്ന കാലുള്ളവർ ആര്?
9. പുരുഷന് ക്രോധഹേതുവാകുന്നതെന്ത്?
10. ക്രോധ ദിവസത്തിൽ ഉപകരിക്കുന്നില്ലാത്തതെന്ത്?

**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**

1. ഈസോപ്പ് (1 രാജാക്കന്മാർ 4:33)
2. മിസ്രയീം (1 രാജാക്കന്മാർ 8:51)
3. മോവാബ് രാജാവ് (2 രാജാക്കന്മാർ 3:27)
4. ഏലീശായുടെ ശിഷ്യൻ (2 രാജാക്കന്മാർ 9:6)
5. ലഹ്മി (1 ദിനവൃത്താന്തം 20:5)
6. ദാവീദ് (1 ദിനവൃത്താന്തം 28:11)
7. രെഹബെയാം (2 ദിനവൃത്താന്തം 10:10)
8. ആസാ (2 ദിനവൃത്താന്തം 16:12)
9. അസ്നപ്പാർ (എസ്രാ. 4:10)
10. ആസാഫ് (നെഹെമ്യാവ് 2:8)

## NAZARETH ASRAMAM, OTHERA

**24-08, 23-09-2021**

**Donations**

P.P. Mathew Perumpalliparampil 1000/
Saramma Mathew Kuttiyil, Kurichy 3000/
Edwin Nelleithara Thiruvanvandoor 5000/

**Fr. Mathew Uthuppan, Cherukarethu**
**Secretary/ Director**

കവിത

# വി. കുമ്പസാരം

**ജയ്നമ്മ മർക്കോസ്,**
**നടുവിലേപറമ്പിൽ**
**കുഴിമറ്റം**

ആസക്തിയോടെ നാരി നോക്കിയാൽ
വ്യഭിചാരത്തിൽ പടി കേറിടുമേ
സോദരനെ 'ദോഷ' എന്നു വിളിച്ചാൽ
